കേരള സർക്കാർ

# ഭദ്രത

കേരള സർക്കാർ
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
**കൈപ്പുസ്തകം**

# BHADRATHA

## Handbook

**Department of
Food and Civil Supplies
Government of Kerala**



# ഭദ്രത

കേരള സർക്കാർ
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
കൈപ്പുസ്തകം

# BHADRATHA

HANDBOOK

**Department of**
**Food and Civil Supplies**
**Government of Kerala**

# ഭദ്രത

കേരള സർക്കാർ
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
കൈപ്പുസ്തകം

## BHADRATHA

HANDBOOK
Department of Food and Civil Supplies
Government of Kerala

Copyright © CSD GoK


ചീഫ് എഡിറ്റർ
ഡോ.നരസിംഹുഗാരി റ്റി എൽ റെഡ്ഡി ഐ എ എസ്
ഡയറക്ടർ, പൊതുവിതരണ വകുപ്പ്

കോ- ഓർഡിനേറ്റിംഗ് എഡിറ്റർ
മീന ആർ
കൺട്രോളർ ഓഫ് റേഷനിംഗ്

ഡെപ്യൂട്ടി ചീഫ് എഡിറ്റർ
വേണുഗോപാൽ വി
അസി. സെക്രട്ടറി, പൊതുവിതരണ വകുപ്പ്

എഡിറ്റർ
ജയഹരി സി
ജൂനിയർ സൂപ്രണ്ട്, ഐ റ്റി സെൽ
പൊതുവിതരണ വകുപ്പ്

അസിസ്റ്റന്റ് എഡിറ്റർ/സർക്കുലേഷൻ
ഷിബു എ

ഡിസൈനർ
രതീഷ് കുമാർ ആർ
rash875559859@gmail.com

അച്ചടി
ഗവ. പ്രസ്സ്, തിരുവനന്തപുരം

സൗജന്യ വിതരണത്തിന്
ഫെബ്രുവരി 2019
കോപ്പി 10,000


*ഈ പുസ്തകത്തിലെ വിവരങ്ങളിലും സ്ഥിതി വിവര കണക്കുകളിലും കാലാനുസൃതമാറ്റങ്ങൾ വരാവുന്നതാണ്*



# സന്ദേശം

സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭക്ഷ്യ ഭദ്രതയ്ക്ക് വലിയ സ്ഥാനമാണുള്ളത്. ഇതു മനസ്സിലാക്കിയാണ് ഭക്ഷ്യ ഭദ്രതാ നിയമം പൂർണമായും കേരളം നടപ്പാക്കിയത്.

കഴിഞ്ഞ 1000 ദിവസങ്ങൾ കൊണ്ട് ജനോപകാരപ്രദമായ മാറ്റങ്ങൾ കേരളത്തിലെ പൊതുവിതരണ രംഗത്ത് ഉണ്ടാക്കാൻ ഭക്ഷ്യപൊതുവിതരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ജനകീയമായി മാറിയ കേരളത്തിലെ പൊതുവിതരണ രംഗത്തെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് 'ഭദ്രത' എന്ന പേരിൽ ഒരു കൈപ്പുസ്തകം വകുപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഭക്ഷ്യ-പൊതുവിതരണ രംഗത്തെക്കുറിച്ച് ജനങ്ങൾക്ക് അറിവു പകരാൻ ഈ ഹാൻഡ് ബുക്ക് ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**
കേരള മുഖ്യമന്ത്രി




- എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ ഉള്ളതിനാൽ റേഷൻ വിഹിതം കൈപ്പറ്റാൻ കൂടുതൽ എളുപ്പം.
- റേഷൻ കാർഡുടമകൾക്ക് ഏതു റേഷൻകടയിൽ നിന്നും സാധനം വാങ്ങാൻ സ്വാതന്ത്ര്യം നൽകുന്ന പോർട്ടബിലിറ്റി സംവിധാനം ഉപയോഗിക്കുക.
- റേഷൻ കാർഡ് സംബന്ധമായ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങളിലൂടെയും ഓൺലൈനിലൂടെയും നൽകാം
- നിങ്ങളുടെ ആധാർ, ഫോൺ നമ്പർ, റേഷൻ കാർഡുമായി ബന്ധിപ്പിക്കുവാൻ തൊട്ടടുത്തുള്ള റേഷൻ കടയിൽ ആധാറിന്റെ പകർപ്പുമായി നേരിട്ട് എത്തിയാൽ മതി.
- എന്തെങ്കിലും കാരണങ്ങളാൽ അർഹതപ്പെട്ട റേഷൻ ലഭിക്കാതെ വന്നാൽ റേഷൻ കാർഡുടമകൾക്ക് ഭക്ഷ്യ ഭദ്രതാ ബത്ത ലഭിക്കാനുള്ള അവകാശമുണ്ട്.
- പരാതി പരിഹാരത്തിന് റേഷനിംഗ് ഇൻസ്പെക്ടർ തലം വരെയുള്ള ഉദ്യോഗസ്ഥരുടെ മൊബൈൽ നമ്പറുകളിലേക്ക് വിളിക്കുക. ഫോൺ നമ്പറുകൾ അതാത് റേഷൻ കടകളിലും റേഷൻ കാർഡുകളിലും ബില്ലിലും വെബ് സൈറ്റുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്
- മുൻഗണനാപട്ടികയിൽ കയറിക്കൂടിയ 2.80 ലക്ഷം അനർഹകാർഡുടമകളെ ഒഴിവാക്കി 2.76 ലക്ഷം അർഹതപ്പെട്ട കുടുംബങ്ങളെ ഉൾപ്പെടുത്തി.
- റേഷൻ കടകൾ വഴി പ്രളയകാലത്ത് 40 ലക്ഷം കുടുംബങ്ങൾക്ക് ഇതുവരെ 88226 മെട്രിക് ടൺ അരി വിതരണം ചെയ്തു
- ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വഴി വിലക്കയറ്റം നിയന്ത്രിച്ചു.

വിശദവിവരങ്ങൾക്ക്
www.civilsupplieskerala.gov.in വെബ് സൈറ്റിൽ ലോഗിൻ ചെയ്യുക



# സന്ദേശം

ജനങ്ങളുടെ നിത്യജീവിതവുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്ന വകുപ്പുകളിലൊന്നാണ് ഭക്ഷ്യ-പൊതു വിതരണ വകുപ്പ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വന്നതോടെ പൊതുവിതരണ വകുപ്പിന്റെ പ്രവർത്തന ങ്ങളിൽ സമഗ്രമായ മാറ്റമാണ് സംഭവിച്ചിരിക്കുന്നത്. ജനങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുക എന്നതു കൂടാതെ, വകുപ്പിൽ നിന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങ ളെല്ലാം ആധുനികവൽക്കരിക്കപ്പെട്ടിരിക്കുന്നു. വേഗത്തിലും കാര്യക്ഷമമായും സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കത്തക്കരീതിയിൽ നടപ്പിലാക്കുവാൻ വകുപ്പിനു കഴിഞ്ഞു. ഇപ്പോൾ പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യവും അഴിമതി രഹിതവും കാര്യക്ഷമവുമാണ്. ഭക്ഷ്യ പൊതുവിതരണ രംഗത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന നല്ല മാറ്റങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അറിവു നൽകേണ്ടതുണ്ട്. നമ്മുടെ സമൂഹത്തി ലെല്ലാവർക്കും പ്രത്യേകിച്ച് മാധ്യമപ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും ഭക്ഷ്യ പൊതുവിതരണ വകുപ്പിനെ പ്പറ്റിയും വകുപ്പ് നൽകുന്ന സേവനങ്ങളെക്കുറിച്ചും പൊതുവിതരണ സംവിധാനത്തെക്കുറിച്ചും മനസിലാക്കു വാൻ വേണ്ടിയാണ് ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കു ന്നതിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് തീരുമാനിച്ചത്. നമ്മുടെ പൊതുവിതരണ സംവിധാനത്തിന്റെ ഘടനയെയും സേവനങ്ങളെയും കുറിച്ച് സമ്പൂർണമായ അറിവു നൽകുന്ന 'ഭദ്രത' എന്ന കൈപ്പുസ്തകം നിങ്ങളുടെ കൈകളിലെത്തുകയാണ്. എല്ലാ ഭാവുകങ്ങളും നേരുന്നു.

**പി തിലോത്തമൻ**

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി



# സന്ദേശം

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭക്ഷ്യ ലഭ്യത ഉറപ്പു വരുത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് പ്രവർത്തിക്കുന്ന ഭക്ഷ്യ-പൊതുവിതരണ വകുപ്പിനെക്കുറിച്ച് സമഗ്ര വിവരങ്ങൾ നൽകുന്ന ഹാൻഡ് ബുക്ക് 'ഭദ്രത' പുറത്തിറങ്ങുന്നതിൽ വളരെ സന്തോഷമുണ്ട്. റേഷൻ കടകളുടെ നവീകരണം, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമമനു സരിച്ചുള്ള മുൻഗണനാ പട്ടിക തയ്യാറാക്കൽ, വാതിൽപടി വിതരണം, റേഷൻ പോർട്ടബിലിറ്റി എന്നിങ്ങനെ കഴിഞ്ഞ രണ്ടു വർഷക്കാലമായി കേരളത്തിലെ പൊതുവിതരണ രംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനോപകാര പ്രദമായ പരിഷ്കാരങ്ങൾ നിരവധിയാണ്. പൊതു വിതരണ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും പൊതുവിതരണ സംവിധാന ത്തിന്റെ പ്രവർത്തന രീതികളെക്കുറിച്ചും പരിഷ്കാരങ്ങളെക്കുറിച്ചും ഘടനയെക്കുറിച്ചും സമഗ്രവും ആധികാരികവുമായി വിവരിക്കുന്ന ഈ കൈപ്പുസ്തകം ജനങ്ങൾക്ക് ഏറെ പ്രയോജന കരമാകട്ടെയെന്ന് ആശംസിക്കുന്നു.

**മിനി ആന്റണി ഐ എ എസ്**
സെക്രട്ടറി ഭക്ഷ്യ-പൊതുവിതരണ വകുപ്പ്



# സന്ദേശം

ഭക്ഷ്യ-പൊതുവിതരണ വകുപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് 'ഭദ്രത' എന്ന പേരിൽ ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. പൊതുവിതരണ സംവിധാനത്തിലെ എല്ലാ ഘടകങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധ മുണ്ടാക്കാൻ ഭദ്രതയിലൂടെ കഴിയട്ടെയെന്ന് ആശംസിക്കുന്നു. കൂടുതൽ സുതാര്യമായതും ജനോപകാരപ്രദമായതുമായ ഒരു പൊതുവിതരണ സംവിധാനം രൂപപ്പെടുത്താൻ പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനങ്ങളുടെ പരിശോധനയ്ക്ക് വിധേയമാകേണ്ടതുണ്ട്. പൊതുജനങ്ങൾക്ക് അവബോധം നൽകിയാലെ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയൂ. ജനകീയ പങ്കാളിത്തത്തോടെ കേരളത്തിന്റെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുവാനും സേവനങ്ങൾ മെച്ചപ്പെടുത്തുവാനും പൊതുവിതരണ വകുപ്പ് നടത്തുന്ന ആത്മാർത്ഥ ശ്രമങ്ങളുടെ പരമ്പരയിൽ 'ഭദ്രത'ഒരു നാഴികക്കല്ലാകട്ടെ എന്ന് ആശംസി ക്കുന്നു.

**സി എ ലത ഐ എ എസ്**
സിവിൽ സപ്ലൈസ് കമ്മീഷണർ

# ഉള്ളടക്കം

നമ്മുടെ ഭക്ഷ്യഭദ്രത,
കേരളം നേട്ടങ്ങളും ന്യൂനതകളും ..................................... 10

ഭക്ഷ്യപൊതുവിതരണ വകുപ്പ് -
ഘടന, ലക്ഷ്യങ്ങൾ/കടമകൾ ............................................ 12

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം ........................................... 32

പദ്ധതികൾ പരിപാടികൾ ................................................... 40

റേഷൻ വിതരണ സമ്പ്രദായം
ശൃംഖലയും വിതരണവും ................................................. 44

റേഷൻ രേഖ ........................................................................ 49

സുതാര്യതയും അക്കൗണ്ടബിലിറ്റിയും
സുതാര്യത, സോഷ്യൽ ഓഡിറ്റ് ........................................ 61

മുൻഗണനാപട്ടികയും മാനദണ്ഡങ്ങളും ......................... 70

സമഗ്ര കമ്പ്യൂട്ടർവൽക്കരണം ........................................... 74

പരാതി പരിഹാര സംവിധാനം ........................................ 82

എം ഗവേണൻസ്, ഇ-ഗവേണൻസ് ............................... 84

ഗുണനിലവാരം
സി എഫ് ആർ ഡി ............................................................. 85

KSCSC (സപ്ളൈകോ) .................................................... 87

പ്രധാന ഫോൺ നമ്പറുകൾ/വിലാസങ്ങൾ ................... 90



# ആമുഖം

സുതാര്യവും ഫലപ്രദവും കാര്യക്ഷമവുമായ ഒരു പൊതുവിതരണ സംവിധാനം രൂപപ്പെടുത്തിയെടുക്കുന്നതിൽ ജനങ്ങളുടെ പങ്ക് നിർണായകമാണ്. പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിച്ചാൽ മാത്രമേ പൊതുവിതരണം ജനകീയമായും വിജയകരമായും നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. പൊതുവിതരണ സംവിധാനത്തെ കുറിച്ചുള്ള അവബോധമില്ലായ്മ കാരണം ഗുണഭോക്താക്കൾ പലതരം ചൂഷണങ്ങൾക്ക് വിധേയരാകാനുള്ള സാധ്യത വർദ്ധിക്കുന്നു. ഭക്ഷ്യ-പൊതുവിതരണ വകുപ്പിനെക്കുറിച്ച് 'ഭദ്രത' എന്ന പേരിൽ ഒരു കൈപ്പുസ്തകം പുറത്തിറക്കുന്നത്, വകുപ്പിനെ കുറിച്ച് പൊതുജനങ്ങൾക്ക് സമഗ്രമായ അറിവ് നൽകുന്നതിന് വേണ്ടിയാണ്. ഈ കൈപ്പുസ്തകത്തിൽ ദേശീയ ഭക്ഷ്യ ഭദ്രത നിയമം, കേരളത്തിലെ പൊതുവിതരണ വകുപ്പിന്റെ ഘടന, വകുപ്പിന്റെ പ്രവർത്തനങ്ങൾ തുടങ്ങി പൊതുവിതരണ സംവിധാനത്തിലെ എല്ലാ വിവരങ്ങളും സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. ഇത്തരത്തിൽ ഒരു കൈപ്പുസ്തകം പുറത്തിറക്കുന്നതിന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകിയ ബഹു. ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ കാര്യ മന്ത്രി ശ്രീ. പി തിലോത്തമൻ, കൈപ്പുസ്തകത്തിന് ഭദ്രത എന്ന പേര് നിർദ്ദേശിച്ച ബഹുമാനപ്പെട്ട ഭക്ഷ്യപൊതുവിതരണ സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐ.എ.എസ് എന്നിവർക്ക് പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. ഈ കൈപ്പുസത്കം പ്രസിദ്ധീകരിക്കുന്നതിന് സഹായിച്ച എല്ലാവരോടും ഞങ്ങൾക്കുള്ള നിസ്സീമമായ നന്ദി അറിയിക്കുന്നു.

**ഡോ. നരസിംഹുഗാരി റ്റി എൽ റെഡ്ഡി ഐ എ എസ്**
ഡയറക്ടർ പൊതുവിതരണ വകുപ്പ്



# നമ്മുടെ ഭക്ഷ്യഭദ്രത, കേരളം നേട്ടങ്ങളും ന്യൂനതകളും

## മഹത്തായ കടമകൾ

നമ്മുടെ ദേശത്തിന്റെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുക എന്നതാണ് ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യം.

ഭാരതത്തിൽ സർക്കാർ നിശ്ചയിക്കുന്ന താങ്ങുവില നൽകി (MSP) കർഷകരിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുക എന്ന ചുമതല വകുപ്പ് കാര്യക്ഷമമായി നിർവഹിച്ച് വരുന്നു. സംഭരിച്ച ഭക്ഷ്യധാന്യങ്ങൾ കുറ്റമറ്റ രീതിയിൽ ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നത് ഭക്ഷ്യപൊതുവിതരണ വകുപ്പാണ്. ഭക്ഷ്യധാന്യങ്ങൾക്കു പുറമെ ഭക്ഷ്യ എണ്ണകളുടെയും പഞ്ചസാരയുടെയും ലഭ്യത സദാ ഉറപ്പുവരുത്തുക, ഭക്ഷ്യധാന്യങ്ങളുടെ കരുതൽ ശേഖരം ഉറപ്പുവരുത്തുക

എന്നിവയാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പ്രധാന ചുമതലകൾ. ജനങ്ങൾക്ക് പ്രത്യേകിച്ച് സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ ന്യായവിലക്ക് TPDS ലൂടെ ലഭ്യമാക്കുക എന്ന മഹത്തായ ചുമതലയാണ് ഈ വകുപ്പിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നത്.

## ഭക്ഷ്യധാന്യ സംഭരണം

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (FCI) യാണ് വിവിധ സംസ്ഥാനസർക്കാർ ഏജൻസികളുടെ സഹായത്തോടെ ഭക്ഷ്യധാന്യങ്ങൾ താങ്ങുവില നൽകി കർഷകരിൽ നിന്നും സംഭരിക്കുന്നത്. എല്ലാ റാബി/ഖാരിഫ് വിളവെടുപ്പ് കാലങ്ങൾക്കു മുമ്പും കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യങ്ങൾക്ക് താങ്ങു വില പ്രഖ്യാപിക്കും. കമ്മീഷൻ ഫോർ അഗ്രികൾച്ചർ കോസ്റ്റ് ആന്റ് പ്രൈസസ് (CACP) ആണ് താങ്ങുവില ശുപാർശ ചെയ്യുന്നത്. സംസ്ഥാനങ്ങൾക്കുകൂടി പങ്കുള്ള വികേന്ദ്രീകൃത (DCP) സംഭരണമാണ് കേന്ദ്രസർക്കാർ പ്രോൽസാഹിപ്പിക്കുന്നത്.

ഹരിത വിപ്ലവത്തിന്റെ പ്രഭാവം ഭക്ഷ്യധാന്യ സംഭരണത്തിൽ പ്രതിഫലിച്ചപ്പോൾ 2012-ൽ സർവകാല റെക്കോർഡ് ആയ 805.16 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ കേന്ദ്രശേഖരത്തിൽ ഉണ്ടായിരുന്നു. 319 ലക്ഷം ടൺ കരുതൽ ഭക്ഷ്യധാന്യ ശേഖരം ഉണ്ടാകേണ്ട സ്ഥാനത്തായിരുന്നു ഈ റെക്കോഡ് നേട്ടം. എന്നാൽ 1972-ൽ ഇതല്ലായിരുന്നു സ്ഥിതി. ഉൽപാദനം കുറഞ്ഞ ആ സമയത്ത് EC Act 1955 പ്രകാരം ഒരു ലെവി സമ്പ്രദായം നടപ്പിലാക്കിയിരുന്നു. ഈ ലെവി സമ്പ്രദായം 2015-ൽ പൂർണമായും നിർത്തൽ ചെയ്തു.

TPDS ടാർജറ്റഡ് പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം അദർ വെൽഫയർ സ്കീം (OWS) എന്നിങ്ങനെ രണ്ടു തരത്തിലാണ് കേന്ദ്രപൂളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനങ്ങൾക്കും/കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകുന്നത്.

# ഭക്ഷ്യ പൊതുവിതരണ വകുപ്പ്

കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന് സുദീർഘമായ ഒരു ചരിത്രമുണ്ട്. രണ്ടാം ലോകമഹായുദ്ധ കാലത്തു തന്നെ കേരളത്തിൽ റേഷനിംഗ് സമ്പ്രദായം നടപ്പിൽ വരുത്തിയിരുന്നു. എങ്കിലും 1965 ജൂലൈ 1 നാണ് കേരളത്തിൽ സാർവത്രികവും നിയമവിധേയവുമായ റേഷനിംഗ് സംവിധാനം നിലവിൽ വന്നത്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്കൊപ്പം 1997-ൽ കേരളവും TPDS ലേക്ക് മാറി. നിലവിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം പൂർണമായി നടപ്പിലാക്കിയ ഒരേയൊരു സംസ്ഥാനമാണ് കേരളം. കേരളത്തിൽ നിലവിൽ ഏതാണ്ട് സമ്പൂർണമായി തന്നെ റേഷൻ കാർഡ് കവറേജ് ഉണ്ട്.

കേരളത്തിൽ റേഷൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കാൻ വിപുലവും വ്യക്തവുമായ ഘടനയുള്ള മികച്ച ഒരു പൊതുവിതരണ ശൃംഖലയാണുള്ളത്.

ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയും സർക്കാർ വകുപ്പും അതിനു കീഴിൽ കമ്മീഷണറേറ്റും ഉണ്ട്. സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നു. റേഷൻ വിതരണം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നു. റേഷൻ കാർഡുകളുടെ വിതരണവും മാറ്റം വരുത്തലുകളും നടത്തുന്നു. അനാഥാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്കുള്ള റേഷൻ വിതരണം, പൊതുവിപണിയിലെ പരിശോധനകൾ, പാചകവാതകം ഉൾപ്പെടെ സർക്കാർ സബ്സിഡി നൽകുന്ന വസ്തുക്കളുടെ വിതരണം സംബന്ധിച്ച പരാതിപരിഹാരം, പെട്രോൾ പമ്പുകളി



ലെ പരിശോധനകൾ എന്നിവയാണ് സംസ്ഥാന ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പ്രധാന ചുമതലകൾ.

സംസ്ഥാന തലത്തിൽ കമ്മീഷണറേറ്റ്, ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസുകൾ, താലൂക്ക് തലത്തിൽ താലൂക്ക് സപ്ളൈ ഓഫീസുകൾ എന്നിങ്ങനെ മൂന്നു തലത്തിലാണ് ഭരണ നിർവ്വഹണം.

- മന്ത്രി, ഭക്ഷ്യ പൊതുവിതരണം
- സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണം
- കമ്മീഷണർ ഭക്ഷ്യ പൊതുവിതരണം
- ഡയറക്ടർ, പൊതുവിതരണം
- സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (പൊതുഭരണ വകുപ്പ്)
- റേഷനിംഗ് കൺട്രോളർ
- ചീഫ് അക്കൗണ്ട്സ് ഓഫീസർ (കേരള ജനറൽ സർവീസ്)
- സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ



- ഫിനാൻസ് ഓഫീസർ (ഫിനാൻസ് ഡിപ്പാർട്ടുമെന്റ്)
- അക്കൗണ്ട് ഓഫീസർ
- സ്റ്റാറ്റിസ്റ്റിക്സ് ഓഫീസർ
- വിജിലൻസ് ഓഫീസർ
- അസിസ്റ്റന്റ് സെക്രട്ടറി (I, II & III)
- നിയമ ഓഫീസർ
- ഡെപ്യൂട്ടി കൺട്രോളർ ഓഫ് റേഷനിംഗ് (കൊല്ലം, സോൺ) (കോഴിക്കോട് സോൺ) സെക്രട്ടറി, ചീഫ് എക്സിക്യൂട്ടീവ് (KRDWF) കേരള റേഷൻ വ്യാപാരി ക്ഷേമനിധി
- ജില്ലാ സപ്ലൈ ഓഫീസർ (14 ജില്ലകളിലും ഓരോന്ന് വീതം)
- താലൂക്ക് സപ്ലൈ ഓഫീസർ (75 പോസ്റ്റ്) (ഓരോ താലൂക്കിലും ഒന്നുവീതം), സിറ്റി റേഷനിംഗ് ഓഫീസർ (2എണ്ണം വീതം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്)




| D.S.O. Thiruvananthapuram | D.S.O. • Kollam | D.S.O. Pathanamthitta | D.S.O. ' Alappuzha | D.S.O. Kottayam | D.S.O. Idukki |
|---|---|---|---|---|---|
| TSO Thiruvananthapuram | T.S.Os. Kollam | T.S.Os. Adoor | T.S.Os. Karthikappally | T.S.Os. Kottayam | T.S.Os. Peerumedu |
| Neyyattinkara | Karunagappally | Ranni | Cherthala | Vaikom | Devikulam |
| Nedumangad | Pathanapuram | Mallappally | Mavelikkara | Meenachil | Udubancho la |
| Chirayinkeezu | Kottarakkara | Kozhenchery | Chengannoor | Changanachery | Thodupuz ha |
| CRO (North) | Sasthamcotta | Thiruvalla | Kuttanad | Kanjirappally | Idukki |
| CRO (South) | Punalur | Konni | Ambalapuzha | | |
| Kattakkada | | | | | |
| Varkala | | | | | |
| | | | | | |

| | |
|---|---|
| CCS — Commissioner of Civil Supplies | Dy.CR. — Deputy Controller of Rationing . |
| DCS — Director of Civil Supplies | FO — Finance Officer |
| CAO — Chief Accounts Officer | AS — Assistant Secretary |
| CR— Controller of Rationing | SO — Statistical Officer |

| D.S.O. Ernakulam | D.S.O. Thrissur | D.S.O. Palakkad | D.S.O. Malappuram | D.S.O. Kozhikkode | D.S.O. Wayanad | D.S.O. Kannur | D.S.O. Kasaragod |
|---|---|---|---|---|---|---|---|
| TSOs/CROs Muvattupuzha | T.S.Os. Thrissur | T.S.Os. Palakkad | T.S.Os. Manjeri | TSOs/CROs Kozhikkode | T.S.Os. Wythiri | T.S.Os. Kannur | T.S.Os. Kasaragod |
| Kothamangalam | Talappally | Ottappalam | Tirur | Quilandy | Mananthavady | Thalassery | Hosdur |
| Kanayannur | Kodungallur | Alathur | Ponnani | Vadakara | Sulthanbatheri | Taliparambu | Vellarikundu |
| North Parur | Chavakkadu | Chittur | Perinthalmanna | CRO (North) | | Iritty | Manjeswar |
| Aluva | Mukundapuram | Mannarkkad | Nilambur | CRO (South) | | | |
| Kunnathunadu | Chalakkudy | Pattambi | Tirurangadi | Thamarassery | | | |
| Kochi | | | Kondotty | | | | |
| CRO Kochi | | | | | | | |
| CRO Ernakulam | | | | | | | |

| | |
|---|---|
| LAP— Local Audit Party | C.R.O — City Rationing Officer |
| D.S.O — District Supply Officer | |
| D.S.O — District Supply Officer | |
| T.S.O — Taluk Supply Officer | |

## ഭക്ഷ്യാവസ്ഥയുടെ അവലോകനം (Review of food situation)

ആവശ്യമായ ഭക്ഷ്യോത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുക എന്നതാണ് ഭക്ഷ്യ സുരക്ഷയുടെ ആദ്യപടി. കാർഷിക ധാന്യങ്ങളുടെ ആഭ്യന്തരോല്പാദനം ഓരോ വീടിന്റെയും ഭക്ഷണ സുരക്ഷ ഉറപ്പുവരുത്തുന്നു. അരിയുടെയും മരച്ചീനിയുടേയും (സുപ്രധാനമായ ഭക്ഷ്യ വിള) ആഭ്യന്തരോല്പാദനത്തിലെ ഗണ്യമായ കുറവ് സംസ്ഥാനത്തെ ഭക്ഷ്യലഭ്യതയ്ക്ക് കാര്യമായ വെല്ലുവിളികൾ ഉയർത്തുന്നു.

കേരള സംസ്ഥാനത്തിന് അവശ്യം വേണ്ടുന്ന ഭക്ഷ്യ ധാന്യങ്ങളുടെ നാലിലൊന്ന് പോലും ഉല്പാദിപ്പിക്കുന്നില്ല. നമുക്ക് പ്രതിവർഷം വേണ്ട അരി 42.65 ലക്ഷം ടണ്ണാണ്. എന്നാൽ ഇപ്പോഴത്തെ ഉല്പാദനം 5.98 ടൺ മാത്രമാണ്. അവശ്യം വേണ്ടുന്ന ഭക്ഷ്യ ധാന്യങ്ങളുടെ 86 ശതമാനവും വരുന്നത് അയൽസംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നാണ്. ഉല്പാദനവും ആവശ്യകതയും തമ്മിലുള്ള ഈ വിടവ് പ്രതിവർഷം വർദ്ധിച്ച് കൊണ്ടിരിക്കുന്നു. നെൽകർഷകർ കാർഷിക വൃത്തിയിൽ നിന്ന് പിൻതിരിയുന്നത് ഈ പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കുന്നു. എല്ലാത്തിനും പുറമേ, കാലം തെറ്റിയുള്ള മഴ, ഉയർന്ന ചൂട്, ഭൂഗർഭ ജലത്തിന്റെ ലഭ്യതയില്ലായ്മ, കാലാവസ്ഥ വ്യതിയാനം എന്നിങ്ങനെയുള്ള കാർഷിക പ്രതികൂലഘടകങ്ങൾ കാര്യങ്ങളെ കൂടുതൽ വഷളാക്കുന്നു.

കേരളത്തിൽ ഒരു വ്യക്തിക്ക് പ്രതിമാസം ലഭ്യമാക്കേണ്ട ഭക്ഷ്യധാന്യങ്ങൾ, 13.8 കി. ആണ്. ഒരു വ്യക്തിക്ക് ഒരു ദിവസം 370 ഗ്രാം ഭക്ഷ്യ ധാന്യങ്ങൾ എന്ന ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്നിർദ്ദേശ പ്രകാരമുള്ള കണക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ അളവ് നിശ്ചയിക്കുന്നത്. പൊതുവിതരണശൃംഖല (PDS) ആശ്രയിച്ച് ഭക്ഷ്യ ധാന്യങ്ങൾ വാങ്ങുന്ന കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. 1991 ലെ



കണക്ക് പ്രകാരം പൊതുവിതരണ സംവിധാനത്തിൽ നിന്ന് കേരളത്തിലെ ഒരു വ്യക്തി വാങ്ങുന്നത് ശരാശരി 69.9 കി.ഗ്രാം ധാന്യങ്ങളാണ്. അങ്ങനെ നോക്കുമ്പോൾ പി ഡി എസ് സംവിധാനം ഉപഭോഗത്തിന്റെയും പോഷകാഹാര ലഭ്യതയുടേയും കാര്യത്തിൽ ക്രിയാത്മകമായ പങ്ക് വഹിച്ചിട്ടുണ്ട്.

## പൊതുവിതരണ സംവിധാനം

കേന്ദ്ര സർക്കാരിന്റെ സാമൂഹ്യക്ഷേമ, ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ പ്രാഥമികമായ ഒരു പരിപാടിയാണ് പൊതുവിതരണ സംവിധാനം (PDS) സബ്സിഡി നിരക്കിൽ അവശ്യ ഉല്പന്നങ്ങളായ അരി, ഗോതമ്പ്, പഞ്ചാസാര, മണ്ണെണ്ണ തുടങ്ങിയ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ ഇന്ത്യയുടെ ഭക്ഷ്യ ഭദ്രതാ സംവിധാനത്തിൽ വർഷങ്ങളായി ഈ സമ്പ്രദായം കാര്യമായ പങ്ക് വഹിക്കുന്നു. പൊതുവിതരണ സമ്പ്രദായ ത്തിലൂടെ രാജ്യത്താകെയുള്ള ന്യായവില കേന്ദ്രങ്ങളിലൂടെ (FPS) ഭക്ഷ്യവസ്തുക്കളും (അരി, ഗോതമ്പ്, പഞ്ചസാര,

ഭക്ഷ്യ എണ്ണ) ഭക്ഷ്യേതര വസ്തുക്കളും (മണ്ണെണ്ണ, കൽക്കരി, തുണി) പൊതു ജനങ്ങൾക്ക് വിപണി വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തുവരുന്നു. പ്രധാന ഭക്ഷ്യധാന്യങ്ങളായ അരിയും ഗോതമ്പും പൊതുവിതരണ സമ്പ്രദായത്തിലൂടെയാണ് കൈകാര്യം ചെയ്യുന്നത് എന്ന വസ്തുത മനസ്സിലാക്കുമ്പോഴാണ് ഈ സമ്പ്രദായത്തിന്റെ പ്രസക്തി വ്യക്തമാകുന്നത്. ഇന്ത്യയിലെ പൊതുവിതരണസമ്പ്രദായം രാജ്യത്തങ്ങോളമിങ്ങോളമുള്ള 4,00,000 ന്യായവില കേന്ദ്രങ്ങളാൽ വ്യാപിച്ചു കിടക്കുന്ന ലോകത്തിലെ തന്നെ വലിയ പൊതുവിതരണ സമ്പ്രദായമാണ്. ഈ പൊതുവിതരണ സംവിധാനം വഴി പ്രതിവർഷം 15,000 കോടിരൂപയിലധികം വിലവരുന്ന വസ്തുക്കൾ രാജ്യത്തെ 16 കോടികുടുംബങ്ങൾക്ക് ലഭ്യമാക്കുന്നു. അവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കികൊണ്ട് രാജ്യത്താകെ വ്യാപിച്ച് കിടക്കുന്ന ഈ പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രധാന വിജയം അതിന് ഇന്ത്യയിലെ ഓരോ പാവപ്പെട്ട ഭവനങ്ങളേയും ചെറിയതോതിലെങ്കിലും സ്വയം പര്യാപ്തതയിലേക്കെത്തിക്കാൻ കഴിയുന്നു എന്നതാണ്. ദരിദ്രജനവിഭാഗങ്ങളുടെ സാമൂഹ്യസുരക്ഷക്ക് വേണ്ടിയുള്ള സർക്കാരിന്റെ സുപ്രധാന സഹായഹസ്തങ്ങളിൽ ഒന്നായി മാറിയിരിക്കുകയാണ് പൊതുവിതരണ സമ്പ്രദായം. ദരിദ്രജനവിഭാഗങ്ങളുടെ സുരക്ഷ, restrictional status വർദ്ധനവ്, കമ്പോള വിലനിശ്ചയത്തിൽ കാര്യമായ ഇടപെടൽ എന്നീ മൂന്ന് സുപ്രധാന ലക്ഷ്യങ്ങളാണ് പൊതുവിതരണ സംവിധാനത്തിൽ നിർവഹിച്ചു വരുന്നത്.

## പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ

- വിലസ്ഥിരത നിലനിർത്തുന്നു.
- ദരിദ്ര ജനവിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനം (അവശ്യം വേണ്ടുന്ന ഭക്ഷ്യ വസ്തുക്കൾ ന്യായവില

കേന്ദ്രങ്ങൾ വഴി സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.)

- ഭക്ഷ്യ വസ്തുക്കളുടെ ദൗർബല്യം പരിഹരിക്കുന്നതിനുള്ള റേഷനിംഗ് സംവിധാനം.
- സ്വകാര്യ കച്ചവടത്തെ നിയന്ത്രിക്കുന്നു. (keeping a check on private trade)
- സാമൂഹ്യ നീതി ഉറപ്പാക്കിക്കൊണ്ട് സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നു.

## പൊതുവിതരണ സംവിധാനം വിവിധ ഘട്ടങ്ങൾ

പി.ഡി.എസിന്റെ ലക്ഷ്യത്തിലും ഉദ്ദേശ്യത്തിലുമൊക്കെ കാതലായ മാറ്റങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുണ്ട്. ലോകമഹായുദ്ധകാലത്ത് ഭക്ഷ്യവസ്തുക്കളുടെ പൊതുജനോപയോഗം നിയന്ത്രിക്കുകയുണ്ടായി. പോർനിലങ്ങളിൽ പോരാടുന്ന സേനക്ക് ഭക്ഷണം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ഇത്തരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. നിരന്തരമായ ഭക്ഷ്യ ലഭ്യതക്കുറവ് ഭക്ഷ്യ ദൗർബല്യത്തെപ്പറ്റി ചിന്തിക്കാൻ ഉത്തരവാദിത്തപ്പെട്ടവരെ പ്രേരിപ്പിച്ചു. ഇത്തരത്തിലുള്ള ഭക്ഷ്യ പ്രതിസന്ധി പരിഹരിക്കുവാൻ റേഷനിംഗ് സംവിധാനം കൊണ്ടു വന്നു. നാഗരിക മേഖലയിൽ ന്യായവില കേന്ദ്രങ്ങൾ തുറന്ന് ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുവാൻ ആരംഭിച്ചു. ഈ സംരംഭം ഒരു വിജയമായിത്തീർന്നു. ഇതിന്റെ വിജയം ഇത്തരം ന്യായവില കേന്ദ്രങ്ങൾ ഗ്രാമീണ മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിലേക്ക് നയിച്ചു. 1992-മുതൽ, വരൾച്ചാബാധിത പ്രദേശ പദ്ധതി, മരുഭൂമി വികസന പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവന്ന പ്രദേശങ്ങളിൽ പുതുക്കിയ ഒരു പൊതുവിതരണ സംവിധാനം സജീവമായി അവതരിപ്പിക്കപ്പെട്ടു. ഈ സംവിധാനം വഴി ജനങ്ങൾക്ക് വേണ്ടുന്ന ഭക്ഷ്യ വസ്തുക്കൾ ന്യായവിലകേന്ദ്രങ്ങളിൽ നിന്ന് സബ്സിഡി

നിരക്കിൽ വാങ്ങുവാൻ സാധിച്ചു തുടങ്ങി. 1996 ലെ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിനു ശേഷം വീണ്ടും പൊതുവിതരണ സമ്പ്രദായം പുതുക്കൽ നടപടികൾക്ക് വിധേയമായി. ടാർജറ്റഡ് പിഡിഎസ് എന്ന ഈ സമ്പ്രദായം രാജ്യത്തെ 4.74 ലക്ഷം വരുന്ന ന്യായവില കേന്ദ്രങ്ങളുടെ സഹായത്തോടെ അവതരിപ്പിക്കപ്പെട്ടു.

ഈ സംവിധാത്തിന്റെ കീഴിൽ ടു-ടയർ സബ്സിഡി വില സമ്പ്രദായം ആരംഭിച്ചു. രാജ്യത്തെ റേഷൻ കാർഡുള്ള വരെ എ.പി.എൽ, ബി.പി.എൽ. എന്നിങ്ങനെ രണ്ടായി തരം തിരിച്ചു എപിഎൽ, ബിപിഎൽ എന്നിങ്ങനെയുള്ള വിഭജനത്തിന്റെയടിസ്ഥാനത്തിൽ ബിപിഎൽ കുടുംബ ങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കി തുടങ്ങി 2000 ഡിസംബർ മാസത്തിൽ റ്റിപിഡിഎസ് സംവിധാനം വീണ്ടും മാറ്റങ്ങൾക്ക് വിധേയമാക്കി, അന്ത്യോദയ അന്ന പൂർണ്ണ സ്കീം കൂടി ഉൾപ്പെടുത്തി. ഈ പദ്ധതി കൂടുതൽ വിപുലമാക്കി. സ്കീം പ്രകാരം 65.2 മില്യൺ വരുന്ന ബിപിഎൽ കാർഡ് ഉപഭോക്താക്കളിൽ ദരിദ്രരിൽ ദരിദ്രരായ 10 മില്യൺ നിർധന കുടുംബങ്ങളെ കണ്ടെത്തി. അവർക്ക് 35 കി.ഗ്രാം ഭക്ഷ്യധാന്യങ്ങൾ പ്രതിമാസം ലഭ്യമാക്കി.

## ഭക്ഷ്യ സബ്സിഡി

ഭക്ഷ്യ സബ്സിഡി എന്നാൽ ഭക്ഷ്യവസ്തുക്കളുടെ കൊടുക്കൽ വാങ്ങൽ വിലയിലുള്ള വിടവ് പരിഹരിക്കു ന്നതിന് കേന്ദ്ര ഭക്ഷ്യ ഏജൻസികളായ ഫുഡ് കോർപ്പ റേഷൻ ഓഫ് ഇന്ത്യ തുടങ്ങിയവയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ച് കൊടുത്തിട്ടുള്ള ആനുകൂല്യമാണ്. ഇത്തരത്തിൽ സബ്സിഡി അനുവദിച്ച് കൊടുക്കുന്നത് വഴി കർഷകന്റെ വിളകൾക്ക് മാന്യമായ വില ലഭിക്കുന്നു. അതേ സമയം തന്നെ ദരിദ്ര ജന വിഭാഗങ്ങൾക്ക് പൊതുവിപണി യിലേക്കാൾ വില കുറച്ച് ഭക്ഷണ സാധനങ്ങൾ ലഭിക്കു കയും ചെയ്യുന്നു.




കേന്ദ്ര ഭക്ഷ്യ വിതരണ ഏജൻസികൾ ഇത്തരം വസ്തുക്കൾ കൂടിയ വില കൊടുത്ത് വാങ്ങുകയും അത് വിലകുറച്ച് വിൽക്കുകയും ചെയ്യുന്നു. ഈ കൊടുക്കൽ വാങ്ങൽ ക്രയവിക്രയത്തിലെ സാമ്പത്തിക അന്തരം കേന്ദ്ര ഗവൺമെന്റ് വഹിക്കുന്നു. ഭക്ഷ്യ സബ്സിഡിയിൽ രണ്ട് പ്രധാന ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്ന് വിതരണ സബ്സിഡി. രണ്ട് ബഫർ സ്റ്റോക്ക് ചെലവ്. ഭക്ഷ്യ ധാന്യങ്ങൾ കൊടുക്കുന്ന വിലയും (ഗവൺമെന്റ് വില്ക്കുന്ന വില) വിതരണത്തിനെടുക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസത്തെയാണ് വിതരണ സബ്സിഡി എന്നു പറയുന്നത്. ഒരു പ്രബലമായ ഭക്ഷ്യ സുരക്ഷ സംവിധാനത്തിന് അതിശക്തമായ സാമ്പത്തിക സഹായത്തിന്റെ പിൻബലമുണ്ടാവേണ്ടതാവശ്യമാണ്.

2018-19 കാലയളവിലെ ബഡ്ജറ്റിൽ മാറ്റിവെച്ച ഭക്ഷ്യ സബ്സിഡി തുക 1,69,323* കോടിരൂപയാണ്.

*അവലംബം: ഇന്ത്യ 2019*

## കേരളത്തിലെ പൊതുവിതരണ സമ്പ്രദായം

കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രത്യേകതകൾ നിരവധിയുണ്ട്. സാർവത്രികത, ഉപയോഗ ത്തിന്റെ ഉയർന്ന നിലവാരം, ന്യായവില കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കപ്പെട്ടു കിടക്കുന്ന ശക്തമായവിതരണ ശൃംഖല, ഗ്രാമീണ മേഖലകളിലെ സജീവത, പൊതുവിതരണ സമ്പ്രദായത്തിന്റെ വിജയകരമായ ഉപയോഗം എന്നിവയാണ്. കേരള പൊതുവിതരണ സംവിധാനത്തിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഉത്ഭവം രണ്ടാം ലോകമഹായുദ്ധ കാലത്താണ് സംഭവിച്ചത് എന്നു പറയാം. രാജ്യത്തെ സാധാരണ ജനങ്ങളുടെ ഭക്ഷ്യാവശ്യ ങ്ങൾ പരിഗണിക്കുന്നതിനും അവരെ മറ്റ് കച്ചവടക്കാർ ചൂഷണം ചെയ്യുന്നതിൽ നിന്ന് തടയുന്നതിനും സുസജ്ജ മായ ഒരു പൊതുവിതരണ സമ്പ്രദായം സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കേരളസംസ്ഥാനം രൂപം പ്രാപിക്കുന്ന തിനു മുമ്പേ സജീവമായിട്ടുണ്ട് 1954-1956, എന്നീ രണ്ട് വർഷങ്ങളിൽ മാത്രമാണ് ഇത്തരമൊരു സംവിധാനം കേരളത്തിൽ ഉണ്ടാവാതിരുന്നത്.

കേരള സംസ്ഥാന രൂപം കൊണ്ടതിനുശേഷം 1957-ൽ സംസ്ഥാന സർക്കാർ പാവങ്ങൾക്കും നിർധനർക്കും അരി ലഭ്യമാക്കുന്നതിനുവേണ്ടി പൊതുവിതരണം സമ്പ്രദായം നിലവിൽ കൊണ്ടുവന്നു. ഇത് 1974 ഒക്ടോബർ വരെ തുടരുകയുണ്ടായി. എന്നാൽ, അതേ വർഷം തെക്കേ ഇന്ത്യയിലെ ചില സംസ്ഥാനങ്ങൾ ഏർപ്പെടുത്തിയ വിലക്കിന്റെ ഫലമായി കേരളം രൂക്ഷമായ അരിക്ഷാമം നേരിട്ടു. 1964 നവംബർ 1-ാം തീയതി ഔപചാരിക തലത്തിൽ കേരളത്തിൽ റേഷനിംഗ് സമ്പ്രദായം നിലവിൽ വന്നു.

ഇന്ന്, കേരളത്തിലെ എല്ലാ ഭവനങ്ങളിലും റേഷൻ കാർഡ് ഉണ്ട്. ഇത് ഉപയോഗിച്ച് അവർക്ക് അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ മുതലായ സാധനങ്ങൾ സബ്സിഡി നിരക്കിൽ, ആഴ്ചയിലോ മാസത്തിലോ വാങ്ങുവാൻ



സാധിക്കും. ഇതിന്റെ ഫലമായി ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഭക്ഷ്യ സാധനങ്ങളുടെ റീട്ടെയിൽ വില ക്രമാതീതമായി കൂടുന്നില്ല എന്ന കാര്യം ശ്രദ്ധേയമാണ്. കേരളത്തിൽ ഓരോ രണ്ട് കിലോമീറ്റർ ചുറ്റള വിലും ഒരു ന്യായവില പൊതുവിതരണ കേന്ദ്രത്തിന്റെ സാന്നിദ്ധ്യം ഉണ്ട്. എന്നാൽ, ഇന്ത്യയിലൊട്ടാകെ ഗ്രാമീണമേഖലയിൽ ഇത്തരം വിതരണ കേന്ദ്രങ്ങളുടെ സാന്നിദ്ധ്യം കേവലം 35 ശതമാനം മാത്രമാണ്.

പൊതുവിതരണ സമ്പ്രദായത്തിൽ (PDS) രാജ്യത്താകെ യുള്ളതിൽവച്ച് സുശക്തവും, സുതാര്യവുമായി നടത്തപ്പെ ടുന്ന ഒന്നാണ് കേരളത്തിലെ പൊതുവിതരണ ശൃംഖല. 1997ലെ ടാർജറ്റ് സമ്പ്രദായത്തിന്റെ ആവിർഭാവത്തിനുമുൻപ് കേരളം ഈ രംഗത്തെ മാതൃകയായിരുന്നു. ഇതര സംസ്ഥാ നങ്ങളെ അപേക്ഷിച്ച് പൊതുവിതരണ ശൃംഖലയിലൂടെ നാടിന്റെ നാനാ മേഖലകളെയും ബന്ധപ്പെടുത്തിയിട്ടുള്ള ഏക സംസ്ഥാനമാണ് കേരളം. 90 ശതമാനത്തോളം വരുന്ന ഭവനങ്ങളും ഈ ശൃംഖലയുടെ കീഴിലായിട്ടുണ്ട്. എല്ലാ

ജനവിഭാഗങ്ങൾക്കും റേഷൻ കാർഡുണ്ട് പി.ഡി.എസ്. വഴി ഭക്ഷണധാന്യങ്ങൾ വാങ്ങുന്നതിന്റെ അളവ് ഇതര സംസ്ഥാനങ്ങളേക്കാൾ കേരളത്തിൽ കൂടുതലാണ്.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നിർദ്ദേശപ്രകാരം ഒരു വ്യക്തിക്ക് പ്രതിദിനം ആവശ്യമായി വരുന്ന 370 ഗ്രാം ധാന്യങ്ങൾ പൊതുവിതരണ ശൃംഖല വഴിയാണ് വിതരണം ചെയ്യേണ്ടത്. ഒരു വ്യക്തിക്ക് പ്രതിമാസം അനുവദിച്ച ഭക്ഷണധാന്യങ്ങളുടെ അളവ് 13.8 കി.ഗ്രാം (7460 ഗ്രാം പ്രതിദിനം) ആയിരുന്നു. രാജ്യത്താകെ നടത്തിയ ഉപഭോക്തൃ സർവ്വേയിൽ, പൊതുവിതരണ ശൃംഖലയെ വിജയത്തിലേക്ക് നയിച്ച പ്രധാനപ്പെട്ട ഘടകമായ പൊതുവിതരണ കേന്ദ്രങ്ങളും മറ്റും നല്ല രീതിയിൽ നടന്ന് വരുന്നത് കേരളത്തിലാണ് എന്ന് കണ്ടെത്തുകയുണ്ടായി. 2000 പേർക്ക് ഒരു ന്യായവില കേന്ദ്രമെന്ന കേന്ദ്ര സർക്കാർ മാനദണ്ഡം കേരളത്തെ സംബന്ധിച്ച് വർഷങ്ങൾക്ക് മുൻപേ നിറവേറ്റിയ ലക്ഷ്യമാണ്. തികച്ചും ഗ്രാമീണമായ മേഖലയിൽ പോലും ഒരു വ്യക്തിക്ക് ഇത്തരം ന്യായവില കേന്ദ്രങ്ങളിലെത്തണമെങ്കിൽ 2 കിലോമീറ്ററിൽ കൂടുതൽ നടക്കേണ്ടി വരുന്നില്ല. സംസ്ഥാനത്തെ ദാരിദ്ര്യാവസ്ഥ നിരക്ക് അഖിലേന്ത്യാ ശരാശരിയെക്കാൾ താഴെയാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

## കേരളത്തിന്റെ നേട്ടങ്ങൾ

ചുരുങ്ങിയ കാലത്തിനുള്ളിൽ കേരളം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം പൂർണമായും നടപ്പിലാക്കി.

NFSA 1.11.2016 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി

- സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി അന്തിമ മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ചു. മുൻഗണനാ പട്ടിക കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്തു വരുന്നു.
- 01.06.2017 മുതൽ പുതിയ റേഷൻ കാർഡ് നിലവിൽ വന്നു.



- 05.2017 മുതൽ വാതിൽപടി വിതരണം മുഖേന ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുവാനാരംഭിച്ചു.
- സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 5472 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചത് വഴി, റേഷൻ വിതരണം പരമ്പരാഗത ശൈലിയിൽ നിന്നും മാറ്റുവാൻ സാധിച്ചു.
- സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതും വേഗത്തിലുമുള്ള സേവനങ്ങൾ നൽകുന്നതിനായി പൊതുവിതരണ വകുപ്പിലെ ഓഫീസുകൾ നവീകരിച്ചു.

## റേഷൻ വിഹിതമറിയാൻ എസ്. എം. എസ്.

- സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും തങ്ങൾക്ക് ഒരു മാസം അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില തുടങ്ങിയ വിവരങ്ങൾ SMS മുഖേന അറിയിക്കുന്ന സംവിധാനം നടപ്പിലാക്കി. കൂടാതെ എല്ലാ റേഷൻ കടയുടമകൾക്കും തങ്ങൾക്കനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യത്തിന്റെ വിവരങ്ങളും സാധനങ്ങൾ വാങ്ങി കഴിഞ്ഞാൽ ബില്ലിലെ വിവരങ്ങളും

SMS ലൂടെ അറിയിച്ചു വരുന്നു.

- എല്ലാ ജില്ലകളിലുമുള്ള പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും റേഷൻ കടയുടമകൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഇ-പോസുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ നടത്തി.

- പൊതുവിതരണ വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള എല്ലാ ഓഫീസർമാർക്കും CUG (Closed User Group) കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. NFSA, റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ജോലികൾ കൂടുതൽ എളുപ്പത്തിൽ നിർവഹിക്കുന്നതിനായി വകുപ്പിലെ എല്ലാ റേഷനിംഗ് ഇൻസ്പെക്ടർമാർക്കും ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. ബില്ലുകളിലും റേഷൻ കടകളിലും റേഷൻ കാർഡുകളിലും വെബ് സൈറ്റിലും CUG നമ്പരുകൾ ലഭ്യമാണ്.

- ദേശീയ ഭക്ഷ്യഭദ്രതാ നിയമം -2013 നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയായ സപ്ലൈകോയ്ക്ക് NFSA ഗോഡൗണുകളിൽ ഭൗതിക സാഹചര്യം (കമ്പ്യൂട്ടറുകൾ, വെയിംഗ് ബാലൻസ്, പ്രിന്റർ, ഫർണിച്ചർ തുടങ്ങിയവ) ഒരുക്കുന്നതിനായി 841.2 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനായി ആധുനിക രീതിയിലുള്ള ഇന്റർമീഡിയറി ഗോഡൗണുകളുടെ നിർമാണം വലിയതുറ, കൊല്ലം, തിരുവല്ല, കൊച്ചി എന്നിവിടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിനായി 5.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

- സ്വകാര്യ മൊത്തവിതരണക്കാരെ പൂർണമായും ഒഴിവാക്കി സർക്കാർ വാതിൽപ്പടി വിതരണം ഏറ്റെടുത്തു. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലേയ്ക്കും ഭക്ഷ്യ ധാന്യങ്ങൾ സർക്കാർ നേരിട്ട് എത്തിച്ചു തുടങ്ങി.

- ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 350 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് സംസ്ഥാനത്തെ റേഷൻ കടകൾ നവീകരിക്കുന്നതിനായി ഒരു കടയ്ക്ക് 2,500 രൂപ വീതം അനുവദിച്ചു. തിരിച്ചറിയുന്നതി



നായി കടകൾക്ക് ഒരേ നിറം നൽകി.

- ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യാന്ത കമ്പ്യൂട്ടർ വൽക്കരണം (50% കേന്ദ്ര സഹായം) നടപ്പിലാക്കുക വഴി എല്ലാ റേഷൻ കാർഡ് ഉടമകളുടെയും വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തു സൂക്ഷിക്കുന്നതിനായി പുതിയ സെർവർ വാങ്ങി. NIC യുടെ സഹായത്തോടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നു. എല്ലാ റേഷൻ കാർഡ് ഉടമകളുടെയും Aadhar seeding പൂർത്തിയാക്കിയിട്ടുണ്ട്. NFSA ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലെത്തിക്കുന്നത് online Tracking വഴി നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ ആകെ 12.22 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- റേഷൻകാർഡ് സംബന്ധമായ അപേക്ഷകളെല്ലാം പൂർണമായും ഓൺലൈൻ ആക്കി. അപേക്ഷിച്ചാലുടൻ റേഷൻ കാർഡ് ലഭിക്കും.
- 'വിശപ്പു രഹിത കേരളം' പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയ്ക്ക് 70 ലക്ഷം രൂപ അനുവദിച്ചു. പ്രസ്തുത പ്രോജക്ട് പൂർത്തിയായി വരുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പത്തനംതിട്ട, തൃശൂർ, കോട്ടയം എന്നീ ജില്ലകളിൽ വ്യാപിപ്പി

ക്കുന്നതിന്റെ ഭാഗമായി 3 കോടി രൂപയും പ്രസ്തുത പ്രോജക്ടിന്റെ പ്രചാരണത്തിന് 52 ലക്ഷം രൂപയും ചേർത്ത് 3.52 കോടി രൂപ സംസ്ഥാന പദ്ധതി ഇനത്തിൽ നീക്കിവച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നടപ്പിൽ വരുത്തുന്നതിനായി തൃശൂർ, പത്തനംതിട്ട ജില്ലകൾക്ക് 1 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

## വിജിലൻസ് കമ്മിറ്റികൾ

ഭക്ഷ്യഭദ്രതാനിയമം 2013 -ലെ അനുഛേദം 29 പ്രകാരം സംസ്ഥാന തലത്തിലുള്ള വിജിലൻസ് കമ്മിറ്റികൾ മുതൽ റേഷൻ കട തലത്തിലുള്ള കമ്മിറ്റികൾ വരെ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സോഷ്യൽ ഓഡിറ്റിംഗ്

പൊതുവിതരണ സമ്പ്രദായത്തിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും വരുത്തുന്നതിലേയ്ക്കായി പൊതുവിതരണ സമ്പ്രദായം മുഴുവനായും NFSA-2013 ലെ അനുഛേദം 28 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള രീതി സോഷ്യൽ ഓഡിറ്റിംഗിനും വിധേയമാക്കുവാൻ തീരുമാനിച്ചു. ആയതിന്റെ ഭാഗമായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചതായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് അറിയിച്ചിട്ടുണ്ട്.

## ഭക്ഷ്യകമ്മിഷൻ

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013-ലെ അനുഛേദം 16 അനുശാസിക്കുന്ന വിധം സംസ്ഥാന ഭക്ഷ്യ കമ്മിഷൻ സംഘടിപ്പിക്കുകയും ആയതിനുള്ള ചെയർപേഴ്സനെയും മെമ്പർ സെക്രട്ടറിയെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 അംഗങ്ങളെയും നിയമിച്ചു കഴിഞ്ഞു. തുടർനടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പൂർണ നിലയിലുള്ള ഭക്ഷ്യ കമ്മിഷൻ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ഇന്റേണൽ ഗ്രീവൻസ് മെക്കാനിസം

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013-ലെ അനുച്ഛേദം 14 പ്രകാരമുള്ള രീതിയിൽ ഇന്റേണൽ ഗ്രീവൻസ് മെക്കാനിസം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വകുപ്പിന് പ്രത്യേകമായി കോൾസെന്റർ രൂപീകരിക്കുന്നതിനുള്ള നടപടികൾ കമ്മീഷണറേറ്റിൽ ആരംഭിച്ചിട്ടുണ്ട്.

- പ്രൈസ് മോണിറ്ററിംഗ് സെൽ സംസ്ഥാന തലത്തിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നെ സംബന്ധിച്ച് പരിശീലന പരിപാടികൾ നടത്തി വരുന്നു.
- ജില്ലാ തല പരാതിപരിഹാര ഉദ്യോഗസ്ഥരായി (ഡി ജി ആർ ഒ) അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റുമാരെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു.
- 330-ൽ അധികം വരുന്ന സ്വകാര്യ മൊത്ത വിതരണക്കാരെ ഒഴിവാക്കി സർക്കാർ പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോയെ മൊത്തവിതരണ ഏജൻസിയായി നിയോഗിച്ചു.
- സർക്കാർ നേരിട്ട് റേഷൻ ധാന്യങ്ങൾ എഫ് സി ഐ യിൽ നിന്നും വിട്ടെടുത്ത് റേഷൻ കടകളിൽ വാതിൽപടി വിതരണം തുടങ്ങി.
- റേഷൻ കടകൾക്ക് മാന്യമായ പ്രതിഫല പാക്കേജ് നിശ്ചയിച്ചു. കുറഞ്ഞത് 18,000 രൂപ പ്രതിമാസ കമ്മീഷൻ ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കി.
- പൊതുജനങ്ങൾക്ക് റേഷൻ സാധനങ്ങൾ കടകളിലെത്തുന്ന വിവരം എസ്.എം.എസ്. നൽകിത്തുടങ്ങി.
- എല്ലാ റേഷൻ കടകളിലും ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിച്ച് സമ്പൂർണ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.
- ആധാർ അധിഷ്ഠിതമായ ബയോമെട്രിക് സാങ്കേതിക സംവിധാനം വഴി റേഷൻ വിതരണം സുതാര്യമായി.

- **ഉപഭോക്താക്കൾക്ക് ഇഷ്ടപ്പെട്ട ഏത് റേഷൻ കടയിൽ നിന്നും അർഹതപ്പെട്ട റേഷൻ വിഹിതം വാങ്ങാൻ സാധിക്കുന്ന റേഷൻ പോർട്ടബിലിറ്റി സംവിധാനം നടപ്പാക്കി.**
- റേഷൻ കടകൾ വഴിയുള്ള ആട്ട വിതരണം പുനഃസ്ഥാപിച്ചു.
- റേഷൻ കാർഡുകൾ ഇല്ലാത്തവർക്ക് പുതിയ അപേക്ഷകൾ നൽകുവാൻ പൂർണവും കാര്യക്ഷമവുമായ ഓൺലൈൻ സംവിധാനം തയ്യാറായി. പുതിയതായി 3.5 ലക്ഷം കാർഡുകൾ അനുവദിച്ചു.
- റേഷൻ സൗജന്യത്തിന് അർഹതയുള്ള മുൻഗണനാ പട്ടിക ശുദ്ധീകരിച്ചു. 2.86 ലക്ഷം മുൻഗണനാ കാർഡുകൾ അനർഹരാണെന്ന് കണ്ടെത്തി. ഉദ്ദേശം 15 ലക്ഷം പുതിയ ഗുണഭോക്താക്കളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി.
- മുൻഗണനാ പട്ടികയിലെ അനർഹരെ കണ്ടെത്തുന്നത് ഒരു തുടർ പ്രക്രിയയായി നിശ്ചയിച്ചു. പൊതുവിതരണ വകുപ്പിൽ ഈ വിഷയം ദിനംപ്രതി അവലോകനം ചെയ്യാൻ പ്രത്യേക സെൽ പ്രവർത്തനം ആരംഭിച്ചു.





- പൊതുവിതരണ ഓഫീസുകൾ മുഴുവനും കമ്പ്യൂട്ടർ വൽക്കരിച്ച് ഇലക്ട്രോണിക് ഫയലിംഗ് ഏർപ്പെടുത്താൻ നടപടി തുടങ്ങി.
- പരാതി പരിഹാരത്തിന് ഉദ്യോഗസ്ഥർക്ക് സി യു ജി നമ്പറുകൾ.
- റേഷൻ കടകൾ വഴി മിനി ബാങ്കിംഗ് സംവിധാനത്തിന് നടപടി തുടങ്ങി.

# ജനകീയം

## റേഷൻ കടകൾക്ക് ഏകീകൃത നിറങ്ങൾ

- റേഷൻ കടകൾ വൈവിധ്യവൽക്കരിക്കുന്നതിന് നടപടി തുടങ്ങി. പെട്ടെന്ന് തിരിച്ചറിയുന്നതിന് എല്ലാ കടകൾക്കും ഏകീകൃത നിറവും ഘടനയും നടപ്പാക്കി.
- പരാതിപരിഹാരം ഓൺലൈനിലൂടെ. ഇതിനായി പരാതി പരിഹാര പോർട്ടൽ സജ്ജമാക്കി.
- പൊതുവിതരണ സമ്പ്രദായം സോഷ്യൽ ആഡിറ്റിംഗ് നടത്തുവാൻ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണയായി.
- സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചു. ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവരുടെ നിയമനം നടത്തി.
- NFSA യുടെ നടത്തിപ്പിന് വകുപ്പിൽ 42 തസ്തികകൾ സൃഷ്ടിച്ചു.

# ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013

**ഭാ**രതത്തിന്റെ ഭക്ഷ്യ പൊതുവിതരണ രംഗത്ത് ദൂരവ്യാപക മായ പരിവർത്തനങ്ങൾക്ക് തുടക്കമിട്ട നിയമമാണ് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013. ഭക്ഷ്യോൽപാദനം താരതമ്യേന വ്യതിയാനമില്ലാതെ നിലനിൽക്കുമ്പോഴും ഭക്ഷ്യ ആവശ്യകത അനുദിനം ഏറിവരുന്ന നാടാണ് നമ്മുടേത്. അർഹരായ വ്യക്തികൾക്ക് ആവശ്യമായ അളവിൽ ആഹാര സാധനങ്ങൾ എത്തിക്കുക എന്ന ബൃഹത്തായ ലക്ഷ്യമാണ് ഈ നിയമത്തിനു പിന്നിലുള്ളത്. ഭക്ഷ്യവിതരണത്തിൽ സത്വര ശ്രദ്ധ ആവശ്യമുള്ളവരെ കണ്ടെത്തി അവരെ മുൻഗണനാ വിഭാഗത്തിലും മറ്റുള്ള വരെ മുൻഗണനേതര വിഭാഗത്തിലും ഉൾപ്പെടുത്തി ക്കൊണ്ടുള്ള പട്ടികയാണ് ഈ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.

## ദേശീയ ഭക്ഷ്യ ഭദ്രത (നിയമം) 2013 പ്രത്യേകതകൾ

**ലക്ഷ്യം:** ഭക്ഷ്യ പോഷകാഹാര സുരക്ഷിതത്വം ഉറപ്പാക്കുക. മനുഷ്യജീവിതം നയിക്കുന്നതിനാവശ്യമായ ഭക്ഷണം മാന്യവും മിതവുമായ നിരക്കിൽ ലഭ്യമാക്കുക എന്നത് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

**ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ (ടിപിഡിഎസ്) സംവിധാനത്തിന്റെ കവറേജ്:** ടിപിഡിഎസ് സംവിധാനത്തിലൂടെ രാജ്യത്തെ 76% വരുന്ന ഗ്രാമീണ (46% പ്രയോറിറ്റി ഭവനങ്ങൾ)ഗ്രാമീണ ജനസംഖ്യയിൽ 50% (28% പ്രയോറിറ്റി ഭവനങ്ങൾ) വരുന്നവരെയും നാഗരിക ജനസംഖ്യയിൽ വരുന്നവരെയും ടി.പി.ഡി.എസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കണമെന്ന് ഉദ്ദേശി




ക്കുന്നു. (സംസ്ഥാന തലത്തിലുള്ള ഭക്ഷ്യ ധാന്യങ്ങളുടെ ഇത്തരത്തിലുള്ള വിതരണം തീരുമാനിക്കുന്നത് കേന്ദ്രസർക്കാരാണ്.)

**അർഹതപ്പെട്ട ഭവനങ്ങളെ കണ്ടെത്തൽ (പ്രയോറിറ്റി ഹൗസ്ഹോൾഡ് കണ്ടെത്തൽ):** പ്രയോറിറ്റി ഭവനങ്ങളേയും ജനറൽ ഭവനങ്ങളേയും കണ്ടെത്തേണ്ടത് സംസ്ഥാന സർക്കാറുകളോ, അനുബന്ധ ഏജൻസികളോ ആണ്. ഇത്തരത്തിൽ അർഹ ഭവനങ്ങളെ കണ്ടെത്താനുള്ള കേന്ദ്രസർക്കാരിന്റെ നിയമങ്ങളെ യാതൊരു തരത്തിലും ദുർവ്യാഖ്യാനം ചെയ്യാൻ പാടില്ല. മാത്രമല്ല സ്വാധീനമുപയോഗിച്ച് അർഹതയില്ലാത്ത ഒരു ഭവനത്തെപ്പോലും ഈ പദ്ധതിയുടെ ഭാഗമാക്കാൻ പാടില്ല.

**വിഹിതവും വിലയും (Entitlements and price under TPDS):** പ്രതിമാസം പ്രായോറിറ്റി ഭവനങ്ങൾക്ക് അംഗമൊന്നിന് അഞ്ച് കിലോ ഗ്രാം ഭക്ഷ്യധാന്യങ്ങൾ ധാന്യങ്ങൾ 3, 2, 1 രൂപയിൽ കുറയാത്ത നിരക്കിൽ ആകും ലഭിക്കുക.

ഗോതമ്പ്, അരി ഇതര ധാന്യങ്ങൾ എന്നിവകൂടി ലഭ്യമാക്കണം. ജനറൽ ഭവനങ്ങൾക്ക് പ്രതിമാസം അംഗമൊന്നിന് മൂന്ന് കിലോ ഗ്രാമിൽ കുറയാത്ത ധാന്യങ്ങൾ 50% Mininum Support Price (MSP) ൽ ലഭ്യമാക്കണം (ഗോതമ്പും ഇതര ധാന്യങ്ങളും). ഇത്തരത്തിൽ അരിയും 50% ൽ കുറയാത്ത derived (MSP) ൽ ലഭ്യമാക്കണം.

**വനിതകൾക്കും കുട്ടികൾക്കുമുള്ള വിഹിതം:** ഈ നിയമത്തിൽ വനിതകൾക്കും കുട്ടികൾക്കും പ്രത്യേക പോഷക പരിഗണന വിഭാവനം ചെയ്തിരിക്കുന്നു. മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്ക് ഈ നിയമത്തിൽ വിഭാവന ചെയ്തിരിക്കുന്ന പോഷകാഹാര മൂല്യത്തിനു പുറമെ പ്രതിമാസം (രൂപ 1000) ആയിരം രൂപയുടെ മാതൃത്വാനുകൂല്യം (Maternity Benefit) ആറ് മാസത്തേക്ക് ലഭിക്കും. പോഷകാഹാര പരിഗണനയനുസരിച്ച് ആറ് മാസം മുതൽ മൂന്ന് വർഷംവരെ പ്രായമുള്ളവർക്ക് ഹോം റേഷനും മൂന്ന് മുതൽ ആറരവർഷം വരെ പ്രായമുള്ളവർക്ക് രാവിലെ ലഘുഭക്ഷണവും, ഉച്ചയ്ക്ക് ചൂടുള്ള ഊണും ലഭ്യമാക്കേണ്ടതാണ്. ലോവർ, അപ്പർ പ്രൈമറി സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉച്ചയൂണ് ഈ പദ്ധതി പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്.

**Other entitlements (മറ്റ് വിഹിതങ്ങൾ):** ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാന സർക്കാരുകൾ അശരണർക്കും, അനാഥർക്കും, അപകടത്തിൽപ്പെടുന്നവർക്കും, പ്രകൃതി ക്ഷോഭങ്ങളിൽപ്പെടുന്നവർക്കുമൊക്കെ ഭക്ഷണം സൗജന്യമായോ, മിതമായ നിരക്കിലോ വിതരണം ചെയ്യുന്നതിന് വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കുകയും പുറപ്പെടുവിക്കുകയും ചെയ്യണമെന്ന് ഈ നിയമം നിഷ്കർഷിക്കുന്നു.

**ഭക്ഷ്യ ഭദ്രത അലവൻസ്:** കേന്ദ്രസർക്കാർ, സംസ്ഥാനങ്ങൾക്ക്/കേന്ദ്രഭരണ പ്രദേശങ്ങൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കാറുണ്ട്. ഈ സംസ്ഥാനങ്ങൾ കേന്ദ്രപൂളിൽ നിന്നനുവദിക്കാറുള്ള ഭക്ഷ്യധാന്യങ്ങളുടെ സപ്ലൈയിൽ കുറവ് നേരിടുമ്പോഴാണ് ഇങ്ങനെ പ്രത്യേക ഫണ്ട് അനുവദിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ




അർഹരായ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങളെത്തിക്കാൻ കഴിയാതെ വരുമ്പോൾ സംസ്ഥാന/ കേന്ദ്ര ഭരണ സർക്കാരുകൾ പ്രത്യേക ഭക്ഷ്യസുരക്ഷ അലവൻസ് അനുവദിക്കണമെന്ന് നിയമം നിഷ്കർച്ചിട്ടുണ്ട്. ഏതെങ്കിലും പ്രദേശത്തെ റേഷൻ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാരിന്റെയോ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥരുടെയോ അലംഭാവമോ മറ്റെന്തെങ്കിലും അപ്രതീക്ഷിത സംഭവങ്ങൾ കാരണമോ റേഷൻ ലഭിക്കാതെ വന്നാൽ ഗുണഭോക്താക്കൾക്ക് ഭക്ഷ്യ ഭദ്രതാ ബത്ത ലഭിക്കുവാനുള്ള അർഹതയുണ്ട്. അതാത് പ്രദേശങ്ങളിലെ റേഷനിംഗ് ഇൻസ്പെക്ടർമാരായിരിക്കും ഭക്ഷ്യ ഭദ്രതാ ബത്തയുടെ നോഡൽ ഓഫീസർമാർ. റേഷൻ വിതരണം മുടങ്ങിയാൽ അത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ കൈക്കൊള്ളണമെന്ന് നിയമം അനുശാസിക്കുന്നു.

**TPDS പരിവർത്തനങ്ങൾ:** ടിപിഡിഎസിന്റെ കാലോചിതമായ പരിവർത്തനങ്ങൾക്ക് കേന്ദ്ര/സംസ്ഥാന

സർക്കാരുകൾ നാന്ദികുറിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം (door to door delivery) ലഭ്യമാക്കൽ, വിവര, ആശയവിനിമയ സാങ്കേതിക വിദ്യയിലൂടെ സമ്പൂർണ്ണ കമ്പ്യൂട്ടർ വത്ക്കരണം എന്നിവ യാണവ. ഗുണഭോക്താക്കളുടെ തിരിച്ചറിയലിന് 'ആധാർ' പോലുള്ള തിരിച്ചറിയൽ രേഖകളുടെ ഉപയോഗം എന്നിവ ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന ദിവസം മുതൽ നട പ്പിലാക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിലാകണം മുൻഗണന/മുൻഗണനേതര വിഭാഗങ്ങൾക്കുള്ള വിഹിതം അനുവദിക്കേണ്ടത്.

**സ്ത്രീ ശാക്തീകരണം :** കുടുംബത്തിലെ 18 വയസ്സിൽ കൂടുതലുള്ള സ്ത്രീജനങ്ങളായിരിക്കും റേഷൻ കാർഡിൽ തലമുതിർന്നാളാകുക. ഇങ്ങനെയാരുമില്ലാത്ത സാഹചര്യ ത്തിൽ മാത്രമേ പുരുഷന്മാരെ അത്തരത്തിൽ വീട്ടിലെ തലവന്മാരായി പരിഗണിക്കുകയുള്ളൂ.

**പരാതി പരിഹാര സംവിധാനം:** പൊതുജനങ്ങൾക്ക് ഭക്ഷ്യധാന്യം അനുവദിക്കുന്നതിലും, വിതരണം ചെയ്യുന്നതിലും ഉള്ള പരാതികൾ പരിഹരിക്കുന്നതിന് ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായ ത്രിതല (ത്രീ-ടൈയർ) സംവിധാനം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഡിസ്ട്രിക്റ്റ് ഗ്രീവൻസ് റീഡ്രസൽ ഓഫീസർ (DGRO) സംസ്ഥാന ഫുഡ് കമ്മീഷൻ, ദേശീയ ഫുഡ് കമ്മീഷൻ എന്നിങ്ങനെയാണ് ഈ ത്രിതല സംവിധാനം നിലവിൽ വന്നിരിക്കുന്നത്. ഇതിനുപുറമേ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആഭ്യന്തര ഏജൻസികളെ പരാതി പരിഹാരത്തിനായി ഉണ്ടാക്കിയെടുക്കണമെന്ന് നിയമം നിഷ്കർഷിക്കുന്നു.

**തദ്ദേശ സ്ഥാപനാധികാരികളുടെ പങ്ക്:** ഈ ആക്ട് നടപ്പിലാക്കുന്നതിനുവേണ്ടി തദ്ദേശ സ്ഥാപനങ്ങളിലെ അധികാരികളുടെ സുപ്രധാന പങ്ക് അവരവരുടേതായ സ്ഥലങ്ങളിൽ ആവശ്യപ്പെടുന്നു. ടിപിഡിഎസ് പദ്ധതിയോ മറ്റു പദ്ധതികളോവിജയകരമായി നടപ്പിലാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളിലെ അധികാരികൾക്ക് പദ്ധതി നട




ത്തിപ്പു സംബന്ധിച്ച പ്രധാന ചുമതല സംസ്ഥാന സർക്കാരുകൾ നൽകണം.

**സുതാര്യതയും, വിശ്വാസ്യതയും:** സുതാര്യതയും വിശ്വാസ്യതയും ഈ ആക്ടിന്റെ ഭാഗമായി കൊണ്ടു വരുന്നതിലേക്കായി പൊതുവിതരണ സോഷ്യൽ ഓഡിറ്റും വിജിലൻസ് കമ്മിറ്റിയുടെ നിർമ്മാണവും ആക്ട് വിഭാവനം ചെയ്യുന്നു. കൂടാതെ എല്ലാ രേഖകളും പരസ്യപ്പെടുത്തുന്നതിനു വേണ്ടിയുള്ള വ്യവസ്ഥ ഈ നിയമത്തിലുണ്ട്.

**മോശം ജീവിത സാഹചര്യത്തിൽ ജീവിക്കുന്ന മനുഷ്യർക്ക് പ്രത്യേക പരിഗണന:** മോശം ജീവിത സാഹചര്യമുള്ള ആദിവാസികൾ, ഗ്രാമീണ/മലപ്രദേശങ്ങളിൽ ജീവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തേണ്ടതിനാവശ്യമായ പ്രത്യേക പരിഗണന നൽകണമെന്ന് ഈ ആക്ട് വിഭാവനം ചെയ്യുന്നു.

കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും ആക്ടിൽ വ്യവസ്ഥയുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് വിപുലമാക്ക

പ്പെട്ടതും വികേന്ദ്രീകൃതവുമായ സംഭരണം, സംഭരണശേഷിയുടെ വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തണം. ആവശ്യമായ ശുദ്ധജലത്തിനുള്ള സൗകര്യം, മലമൂത്ര വിസർജ്ജനത്തിനുള്ള സൗകര്യം, ആരോഗ്യ സുരക്ഷ, ആരോഗ്യ പോഷകാഹാര പിന്തുണ, പ്രായപൂർത്തിയായ പെൺകുട്ടികൾക്കു വിദ്യാഭ്യാസത്തിനുള്ള സഹായം, പ്രായമായവർക്കും ശരീര ബലഹീനതയുള്ളവർക്കും വികലാംഗർക്കും അർഹമായ പെൻഷൻ എന്നിവയിലൂടെ സാമൂഹിക സുരക്ഷിതത്വം എന്നതു ആക്ട് വിഭാവനം ചെയ്യുന്നു.

**മറ്റ് സുരക്ഷാ പദ്ധതികൾ :** മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് പുതിയ ഭക്ഷ്യസുരക്ഷ നിയമം തടസ്സമാകരുത്. DGRO നിഷ്കർഷിച്ച പ്രകാരമുള്ള ആശ്വാസം ഗുണഭോക്താവിന് ലഭ്യമാക്കുന്നതിൽ, അധികാരപ്പെട്ട ഉദ്യോഗസ്ഥർ എന്തെങ്കിലും വീഴ്ചവരുത്തിയാൽ സംസ്ഥാന/ദേശീയ ഭക്ഷ്യ കമ്മീഷനുകൾക്ക് അവർക്കുമേൽ പിഴ ചുമത്താവുന്നതാണ്.

ഭക്ഷ്യഭദ്രത ഒരു ആനുകൂല്യം എന്നനിലയിൽ നിന്ന് അവകാശമായി മാറ്റി എന്നതാണ് ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഏറ്റവും സവിശേഷമായ പ്രത്യേകത. 75% ഗ്രാമീണ ജനതക്കും 50% നാഗരിക ജനതക്കും സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കി ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുവാൻ NFSA യിലൂടെ കഴിയുന്നു. NFSA പ്രകാരം ഭാരതത്തിലെ ആകെ ജനസംഖ്യയുടെ മൂന്നിൽ രണ്ട് വിഭാഗത്തിനും ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുവാൻ കഴിയുന്നു. അന്ത്യോദയ അന്നയോജന (AAY) പ്രയോരിറ്റി കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു.

2000-ലാണ് ദരിദ്രരിൽ ദരിദ്രരായവർക്ക് വേണ്ടി എ.എ.വൈ പദ്ധതി ആരംഭിക്കുന്നത്. രാജ്യത്തെ 2.5 കോടി കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നു.

പൊതുവിതരണ സംവിധാനത്തിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ NFSA യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ജില്ലാതലങ്ങളിൽ പരാതി പരിഹാര സംവിധാനങ്ങൾ സ്ഥാപിക്കുവാൻ NFSA പ്രത്യേകം വ്യവസ്ഥ ചെയ്യുന്നുണ്ട്.

## നേട്ടങ്ങൾ

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയിട്ടുണ്ട്. 81.34 കോടി ഗുണഭോക്താക്കൾക്ക് NFSA യുടെ പ്രയോജനം ലഭ്യമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോട് അടുക്കുകയാണ്. ഇതുവരെ 80.55 കോടി ഗുണഭോക്താക്കൾക്ക് NFSA പ്രകാരമുള്ള പ്രയോജനം ലഭിക്കുന്നുണ്ട്. ചണ്ഡീഗഢ്, പുതുച്ചേരി എന്നിവിടങ്ങളിലും ദാദ്രാ നഗർ ഹവേലിയിലെ നഗരപ്രദേശങ്ങളിലും ഗുണഭോക്താക്കൾക്ക് നേരിട്ട് ഭക്ഷ്യ സബ്സിഡി ബാങ്ക് അക്കൗണ്ട് വഴി നൽകി വരുന്നു. ഈ സബ്സിഡി ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് പൊതുവിപണിയിൽ നിന്ന് ഭക്ഷ്യവസ്തുക്കൾ വാങ്ങുവാൻ കഴിയും.

## TPDS (control) order 2015

NFSA പ്രകാരം സംഭരണവും വിതരണവും ഉറപ്പുവരുത്തി അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസർക്കാർ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രാലയം Targeted Public Distribution system (control) order 2015 പുറത്തിറക്കി. clause 9(1) of the TPDS (C) order 2015 പ്രകാരം സംസ്ഥാന സർക്കാരുകൾക്ക് 1955-ലെ EC Act-നു കീഴിൽ അവശ്യസാധനങ്ങളുടെ വിതരണം നിയന്ത്രിക്കുന്നതിനുള്ള അധികാരം ഉറപ്പുവരുത്തിയിട്ടുണ്ട്.

# പദ്ധതികൾ പരിപാടികൾ



## ഉച്ചഭക്ഷണ പദ്ധതി

കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതിയാണിത്. സർക്കാർ/എയിഡഡ് സ്കൂളുകളിൽ പ്രൈമറി/അപ്പർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക എന്നതാണ് ലക്ഷ്യം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരമാണ് ഇത് നടപ്പിലാക്കുന്നത്. പ്രൈമറി സ്കൂൾ കുട്ടികൾക്ക് 100ഗ്രാം വീതവും അപ്പർ പ്രൈമറി സ്കൂൾ കുട്ടികൾക്ക് 150 ഗ്രാം വീതവും പാകം ചെയ്ത ആഹാരം ചൂടോടുകൂടി നൽകണമെന്നാണ് വ്യവസ്ഥ.

## പോഷകാഹാര പദ്ധതി (ഗോതമ്പ്)

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന് കീഴിലാണ് ഗോതമ്പ് അധിഷ്ഠിതമായ പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിക്കു കീഴിൽ അനുവദിക്കുന്ന



ഭക്ഷ്യ ധാന്യങ്ങൾ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് സർവീസസ് (ഐസിഡിഎസ്) സ്കീം പ്രകാരം 0-6 വയസു വരെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുന്നതിനായി ഉപയോഗിക്കുന്നു. റാഗി, ചോളം, അരി എന്നീ ധാന്യങ്ങളും ഈ പദ്ധതിക്കു കീഴിൽ വിതരണം ചെയ്തുവരുന്നു.

## കൗമാരക്കാരായ പെൺകുട്ടികൾക്കായുള്ള പദ്ധതി (SABLA)

കേന്ദ്രവനിതാ ശിശുക്ഷേമ മന്ത്രാലയം കുമാരികൾക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ് SABLA. ഈ പദ്ധതിക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ മുൻഗണനാ നിരക്കിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പാണ് നൽകുന്നത്. 11 വയസുമുതൽ 18 വയസുവരെയുള്ള പെൺകുട്ടികൾക്ക് പോഷകാഹാരങ്ങൾ ലഭ്യമാക്കി ശാക്തീകരിക്കുകയാണ് SABLA പദ്ധതിയുടെ ലക്ഷ്യം. ഗോതമ്പിനും അരിക്കും പുറമേ റാഗിയും ചോളവും ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നുണ്ട്.

## വെൽഫയർ സ്ഥാപനങ്ങൾക്കായുള്ള ഭക്ഷ്യവിതരണ പദ്ധതി

ചാരിറ്റബിൾ സ്ഥാപനങ്ങൾ, നാരി നികേതനുകൾ, അഗതി മന്ദിരങ്ങൾ, അതുപോലെയുള്ള മറ്റ് ക്ഷേമസ്ഥാപനങ്ങൾ എന്നിവ TPDS- നു കീഴിലോ മറ്റ് ഏതെങ്കിലും ക്ഷേമ പദ്ധതികൾക്ക് കീഴിലോ വരുന്നില്ല എന്നതിനാൽ വെൽഫയർ സ്ഥാപനങ്ങൾ പ്രത്യേകം ഭക്ഷ്യ ധാന്യങ്ങൾ നൽകേണ്ടതായി വരുന്നു. എല്ലാ സ്ഥാപനങ്ങൾക്കും/

കേന്ദ്രഭരണ പ്രദേശങ്ങൾക്കും അവരവരുടെ മുൻഗണനാ റേഷൻ ഭക്ഷ്യ വിഹിതത്തിന്റെ 5%-ത്തിൽ അധികരിക്കാത്ത ഭക്ഷ്യധാന്യവിഹിതം വെൽഫയർ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുവാനായി കേന്ദ്ര മന്ത്രാലയം നൽകുന്നു. ഗോതമ്പും അരിയും ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നുണ്ട്.

കേരളത്തിൽ ആവശ്യത്തിനുള്ള അലോട്ട്മെന്റ് ലഭ്യമാണ് എന്നതിനാൽ സോഷ്യൽ ജസ്റ്റിസ് ബോർഡിന്റെ അംഗീകാരമുള്ള വെൽഫയർ സ്ഥാപനങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങൾക്കായി അപേക്ഷിക്കാവുന്നതാണ്. ജില്ലാ സപ്ലൈ ഓഫീസർമാർക്കാണ് അപേക്ഷ നൽകേണ്ടത്. വിശദവിവരങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന്റെ www.civilsupplieskerala.gov.in എന്ന URL -ലിൽ ലഭ്യമാണ്. ഒരു അന്തേവാസിക്ക് 15 കിലോ വീതം ഭക്ഷ്യധാന്യം ലഭിക്കും. കേരളത്തിൽ ഇപ്പോൾ ലഭ്യമായ അലോട്ട്മെന്റിന്റെ 50% മാത്രമേ ഇതിനായി വിനിയോഗിക്കുന്നുള്ളൂ.

## എസ്സി/എസ്ടി/ഒബിസി ഹോസ്റ്റലുകൾക്കുള്ള ഭക്ഷ്യധാന്യ പദ്ധതി

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും അപേക്ഷ പ്രകാരമാണ് ഹോസ്റ്റലുകൾക്കുള്ള ഭക്ഷ്യധാന്യവിഹിതം അനുവദിക്കുക.

ഹോസ്റ്റലുകളിലെ മൂന്നിൽ രണ്ട് അന്തേവാസികളും എസ്.സി./എസ്.ടി./ഒ.ബി.സി. വിഭാഗത്തിൽ നിന്നുള്ളവരായിരുന്നാൽ ഓരോ അന്തേവാസിക്കും പ്രതിമാസം 15 കി.ഗ്രാം. ഭക്ഷ്യധാന്യങ്ങൾ ഈ പദ്ധതി പ്രകാരം ലഭ്യമാകും.

## അന്നപൂർണ പദ്ധതി

കേന്ദ്ര ഗ്രാമ വികസന വകുപ്പാണ് അന്നപൂർണ പദ്ധതി നടപ്പിലാക്കുന്നത്. National Old Age Pension Scheme (NOAPS)-ന് കീഴിൽ വാർദ്ധക്യകാല പെൻഷൻ ലഭിക്കാത്ത 65 വയസോ അതിനു മുകളിലോ പ്രായമുള്ള

മുതിർന്ന പൗരന്മാർക്ക് പ്രതിമാസം 10 കിലോഗ്രാം ഭക്ഷ്യധാന്യം സൗജന്യമായി നൽകുന്ന പദ്ധതിയാണ് അന്നപൂർണ പദ്ധതി.

ഭക്ഷ്യപൊതുവിതരണ വകുപ്പ് മുൻഗണനാ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കും.

## പൊതുവിപണി വിൽപന പദ്ധതി (ആഭ്യന്തരം)

കേന്ദ്ര പൂളിൽ നിന്ന് TPDS, മറ്റ് ക്ഷേമ പദ്ധതികൾ (OWS) എന്നിവയിലൂടെ വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾ, കരുതൽ ശേഖരത്തിലേക്കുള്ള ഭക്ഷ്യധാന്യങ്ങൾ എന്നിവക്കു മാറ്റിവച്ചതിനുശേഷം അധികം വരുന്ന ഭക്ഷ്യധാന്യങ്ങൾ എഫ് സി ഐ കാലാകാലങ്ങളിൽ പൊതുവിപണിയിൽ വിലയ്ക്കും മുൻനിശ്ചയിക്കപ്പെട്ട വിലയിൽ ആവും വിൽപന നടത്തുക. ലീൻ സീസണിൽ വിപണിയിൽ ഭക്ഷ്യധാന്യങ്ങൾ മതിയായ അളവിൽ ഉറപ്പുവരുത്തുക എന്നതാണ് പ്രധാന ഉദ്ദേശ്യം. ഇ-ടെണ്ടർ മുഖേനയാണ് ധാന്യങ്ങളുടെ വിറ്റഴിക്കൽ നടത്തുന്നത്.

## പൊതുവിപണി വിൽപന പദ്ധതി (ആഭ്യന്തരം), Open Market Sale Scheme (ഗാർഹികം)

FCI യുടെ കേന്ദ്രപൂളിലെ കരുതൽ ഭക്ഷ്യധാന്യ ശേഖരത്തിൽ നിന്നും TPDS വഴിയുള്ള വിതരണം കഴിഞ്ഞുള്ള മിച്ചധാന്യം പൊതുവിപണിയിൽ വിറ്റഴിക്കുന്ന പദ്ധതിയാണിത്. ഇ-ടെണ്ടർ മുഖേന നിശ്ചിത വിലക്കായിരിക്കും വിൽപന. പൊതുവിപണിയിൽ അരിയുടെയും ഗോതമ്പിന്റെയും സപ്ലൈ വർദ്ധിപ്പിക്കുന്നതിനുതകുന്ന ഈ പദ്ധതി സാധാരണ ലീൻ സീസണുകളിൽ ധാന്യകമ്മി അനുഭവപ്പെടുന്ന സ്ഥലങ്ങളിലായിരിക്കും വിറ്റഴിക്കുക.

# റേഷൻ വിതരണ സമ്പ്രദായം ശൃംഖലയും വിതരണവും

## റേഷൻ വിതരണം

പ്രതിമാസം കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ/റേഷൻ സാധനങ്ങൾ സംസ്ഥാന ഭക്ഷ്യ-പൊതുവിതരണ വകുപ്പ് (ഡയറക്ടർ) വിവിധ ജില്ലകൾക്ക് അനുവദിക്കുകയും ജില്ലാ സപ്ലൈ ഓഫീസർമാർ അവ താലൂക്കുകളിലേക്ക് വീതിച്ച് നൽകുകയും ചെയ്യുന്നു.

കേന്ദ്രസർക്കാർ വിഹിതം അതാത് FCI ഗോഡൗണുകളിൽ നിന്ന് വിട്ടെടുത്ത് അവ സപ്ലൈകോയുടെ കീഴിലുള്ള NFSA ഗോഡൗണുകളിൽ (ഇന്റർമീഡിയറി ഗോഡൗണുകൾ) എത്തിച്ച് അവിടെ നിന്ന് വാതിൽപടി വിതരണം വഴി ഓരോ റേഷൻകടകളിലേക്കും എത്തിക്കുന്നു.



കേന്ദ്രസർക്കാരിൽ നിന്നുള്ള നിലവിലെ അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

## അരി, ഗോതമ്പ്

സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തിയ 2016 നവംബർ മുതൽ പ്രസ്തുത നിയമപ്രകാരം സംസ്ഥാനത്തിനനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് സംസ്ഥാനത്തിനു ലഭ്യമായിക്കൊണ്ടിരിക്കുന്നു. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം പ്രതിവർഷം 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളാണ് സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. ആയതുപ്രകാരം നിലവിൽ ലഭ്യമാകുന്ന അലോട്ട്മെന്റ് ചുവടെ ചേർക്കുന്നു.

| *വിഭാഗം* | *പ്രതിമാസ അലോട്ട്മെന്റ് (മെ.ടണ്ണിൽ)* | | | *സംസ്ഥാനത്തിന് ലഭ്യമാകുന്ന നിരക്ക് കി.ഗ്രാമിന്* | |
|---|---|---|---|---|---|
| | അരി | ഗോതമ്പ് | ആകെ | അരി | ഗോതമ്പ് |
| എ.എ.വൈ. | 17757.490 | 3095.475 | 20852.965 | 3 രൂപ | 2 രൂപ |
| മുൻഗണനാ വിഭാഗം | 52073.178 | 12533.742 | 64606.92 | 3 രൂപ | 2 രൂപ |
| എ.എ.വൈ. ഉൾപ്പടെ മുൻഗണനാ വിഭാഗത്തിന് ആകെ | 69830.668 | 15629.217 | 85459.885 | 3 രൂപ | 2 രൂപ |
| ടൈഡ് ഓവർ | 26835.124 | 6459.074 | 33294.198 | 8.30രൂപ | 6.10 രൂപ |
| ആകെ | 96665.792 | 22088.291 | 118754.083 | | |

മേൽ പറയപ്പെട്ട അരി വിഹിതത്തിൽ, സപ്ലൈകോ നെല്ലു സംഭരണം മുഖേന ഓരോ മാസവും ലഭ്യമാക്കുന്ന കുത്തരിയുടെ വിഹിതവും ഉൾപ്പെടുന്നു. ഈ അളവിന്റെ ബാക്കി വരുന്ന അളവാണ് FCI യിൽ നിന്ന് വിട്ടെടുക്കുന്നത്.






മേൽ പറയപ്പെട്ട ഭക്ഷ്യധാന്യങ്ങൾ കാർഡ്/ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് ജില്ലകൾക്ക് വീതിച്ചു നൽകുകയും FCI യിൽ നിന്നും അരിയും ഗോതമ്പും സപ്ലൈകോയിൽ നിന്നും കുത്തരിയും നിശ്ചിത സമയപരിധിക്കുള്ളിൽ വിട്ടെടുത്ത് സപ്ലൈകോയുടെ വാതിൽപ്പടി വിതരണം മുഖേന റേഷൻ കടകളിൽ എത്തിക്കുകയാണ് ചെയ്തു വരുന്നത്.

എ.എ.വൈ. വിഭാഗത്തിലെ ഓരോ കാർഡുകൾക്കും 30 കി.ഗ്രാം അരിയും 5 കി.ഗ്രാം ഗോതമ്പും വീതം സൗജന്യ നിരക്കിലും മുൻഗണനാ വിഭാഗങ്ങളിലെ ഓരോ

അംഗത്തിനും 4 കി.ഗ്രാം അരിയും 1 കി.ഗ്രാം ഗോതമ്പും വീതവും കി.ഗ്രാമിന് 2 രൂപ നിരക്കിലും നൽകിവരുന്നു.

ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന അരി, മുൻഗണനേതര സബ്സിഡി(NPS) വിഭാഗത്തിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം അരി വീതം കി.ഗ്രാമിന് 4 രൂപാ നിരക്കിൽ നൽകി വരുന്നു. ബാക്കി വരുന്ന അരി, മുൻഗണനേതര നോൺ സബ്സിഡി (NPNS) വിഭാഗത്തിലെ ഓരോ കാർഡിനും ലഭ്യതയനുസരിച്ച് കി.ഗ്രാമിന് 10.90 രൂപ നിരക്കിൽ നൽകിവരുന്നു.

ടൈഡ് ഓവർ വിഹിതത്തിൽ ലഭ്യമാകുന്ന ഗോതമ്പ്, സപ്ലൈകോ മുഖാന്തരം ആട്ടയാക്കി, എല്ലാ മുൻഗണനേതര വിഭാഗത്തിനും കി.ഗ്രാമിന് 17 രൂപ നിരക്കിൽ നൽകി വരുന്നു.

## പഞ്ചസാര

പ്രതിമാസം കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന 595 മെ.ടൺ പഞ്ചസാര, ജില്ലകളിലെ AAY കാർഡുകളുടെ എണ്ണത്തിനനുസരിച്ച് വീതിച്ചു നൽകുകയും സപ്ലൈകോ ഇ-ടെൻഡർ മുഖേന ഓപ്പൺ മാർക്കറ്റിൽ നിന്ന് വാങ്ങുന്ന പഞ്ചസാര വാതിൽപ്പടി വിതരണം മുഖേന റേഷൻ കടകളിലെത്തിക്കുകയുമാണ് ചെയ്യുന്നത്. ഓരോ AAY കാർഡിനും 1 കി.ഗ്രാം വീതം പഞ്ചസാര കി.ഗ്രാമിന് 21 രൂപ നിരക്കിൽ നൽകി വരുന്നു.

## മണ്ണെണ്ണ

ക്വാർട്ടേർലി അലോട്ട്മെന്റാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത് നടപ്പു സാമ്പത്തിക വർഷത്തെ അവസാന ക്വാർട്ടറായ 2019 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലേക്ക് ആകെ 13908 KL മണ്ണെണ്ണയാണ് ലഭ്യമായിട്ടുള്ളത്. ആയതിന്റെ ഓയിൽ കമ്പനി തിരിച്ചുള്ള ലഭ്യതയും കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ ആവശ്യകതയും കണക്കിലെടുത്ത് അലോട്ട്മെന്റ് വീതിച്ചു നൽകുകയും

ഓരോ താലൂക്കുകളിലെയും KWD കൾ ഓയിൽ കമ്പനിയിൽ നിന്ന് തങ്ങളുടെ അലോട്ട്മെന്റ് വിട്ടെടുക്കുകയും ARD കൾ അതാതു KWD കളിൽ നിന്ന് മണ്ണെണ്ണ വിട്ടെടുക്കുകയുമാണ് ചെയ്തു വരുന്നത്.

വീട് വൈദ്യുതീകരിക്കാത്ത കുടുംബങ്ങൾക്ക് 4 ലിറ്റർ വീതവും വീട് വൈദ്യുതീകരിച്ച കുടുംബങ്ങൾക്ക് ½ ലിറ്റർ വീതവും മണ്ണെണ്ണ ലിറ്ററിന് 33 രൂപ നിരക്കിൽ നൽകി വരുന്നു.




## SCMS സുപ്രധാന സോഫ്റ്റ് വെയർ

ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന ആദ്യന്ത കംപ്യൂട്ടർ വൽക്കരണത്തിലെ അഞ്ച് ഘടകങ്ങളിലെ രണ്ടാമത്തെ ഘടകമാണ് സപ്ലൈ ചെയിൻ മാനേജ്മെന്റ് സൊലൂഷൻ അഥവാ SCMS സോഫ്റ്റ് വെയർ.ഇത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മദ്ധ്യതല ഗോഡൗണുകളിലെ പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പ് വരുത്തുന്നു. സപ്ലൈ ചെയിൻ മാനേജ്മെന്റിനെക്കുറിച്ച് കൂ

ടുതൽ അറിയാൻ http://scm.kerala.gov.in/Home_SCM എന്ന URL -ലിൽ ക്ലിക് ചെയ്യുക

- ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ഗോഡൗണുകളിൽ നിന്നും സിവിൽ സപ്ലൈസ് ഡയറക്ടറുടെ അലോട്ട് മെന്റ് ലിസ്റ്റ് പ്രകാരം സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും സ്ഥിതി ചെയ്യുന്ന മദ്ധ്യതല ഗോഡൗണുകളിൽ പി ഡി എസ് ഭക്ഷ്യസാധനങ്ങൾ എത്തിച്ചേരുന്നു
- ഓരോ മാസവും ഫെയർ പ്രൈസ് ഷോപ്പുകളിലെ നീക്കിയിരിപ്പ് കിഴിച്ച് വിവിധ സ്കീമുകളിലേക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങളുടെ സോഫ്റ്റ് വെയർ ജനറേറ്റ് ചെയ്യുന്ന അലോട്ട്മെന്റ് അനുസരിച്ച് റിലീസ്

**എഫ് സി ഐ യിൽ നിന്ന് ഭക്ഷ്യസാധനങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള എൻ എഫ് എസ് എ ഗോഡൗണുകളിൽ സംഭരിച്ച് അവിടെ നിന്ന് ഓൺലൈൻ മുഖാന്തിരം ന്യായവില കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് വേണ്ടി തയ്യാറാക്കിയിരിക്കുന്ന സോഫ്റ്റ്വെയറാണ് സപ്ലൈ ചെയിൻ മാനേജ്മെന്റ് സോഫ്റ്റ്വെയർ. പ്രസ്തുത സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കുന്ന റിലീസിംഗ് ഓർഡറുകൾ, ട്രക്ക് ചീറ്റ് വിവരങ്ങൾ, സംസ്ഥാനത്തെ 108 എൻ എഫ് എസ് എ ഗോഡൗണുകളിലെ അതാത് സമയത്തെ സ്റ്റോക്ക് വിവരങ്ങൾ എന്നിവ ഹോം പേജിൽ കാണുന്നതിന് സാധിക്കും.**

ഓർഡർ, ട്രക്ക് ചിറ്റ് എന്നിവ ജനറേറ്റ് ചെയ്ത് ഫെയർ പ്രൈസ് ഷോപ്പുകളിലെ ഇ-പോസ് മെഷീനുകളിൽ ഓൺലൈനായി സ്റ്റോക്ക് എത്തിക്കുന്നതിനും ഗോഡൗണുകളിലെ പി ഡി എസ് ഭക്ഷ്യസാധനങ്ങളുടെ സ്റ്റോക്ക് നിരീക്ഷിക്കുന്നതിനും വേണ്ടിയാണ് SCMS സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത്.

- സപ്ലൈ ചെയിൻ മാനേജ്മെന്റിനെക്കുറിച്ച് കൂടുതൽ അറിയാൻ supply chain management kerala എന്ന വെബ്സൈറ്റിൽ പ്രവേശിക്കുക.
- നിലവിൽ സംസ്ഥാനത്തെ 108 ഗോഡൗണുകളിലും പ്രസ്തുത സോഫ്റ്റ് വെയർ സ്ഥാപിച്ച് ഗോഡൗണുകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ട്.

## റേഷൻ രേഖ

റേഷൻ രേഖ എന്നത് റേഷൻ കാർഡാണ്. കേരളത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് മുമ്പ് എ എ വൈ, ബി പി എൽ, എ പി എൽ (എസ് എസ്), എ പിഎൽ (നോർമൽ) എന്നിങ്ങനെയുണ്ടായിരുന്ന നാലുതരം റേഷൻ കാർഡുകൾ NFSA നിലവിൽ വന്നതോടെ എ എ വൈ (മഞ്ഞ കാർഡ്) മുൻഗണന പ്രയോരിറ്റി (പിങ്ക് കാർഡ്- PHH), പൊതുവിഭാഗം (സബ്സിഡി) നീലക്കാർഡ് (NPS), പൊതുവിഭാഗം (വെള്ള കാർഡ്) NPNS എന്നിങ്ങനെയായി മാറിയിട്ടുണ്ട്.

**കാർഡുകളുടെ എണ്ണം എകദേശം***

| NFSA യ്ക്കു മുമ്പ് | നിലവിൽ |
|---|---|
| AAY - 5.95 ലക്ഷം | AAY- 5.95 ലക്ഷം |
| BPL - 14.6 ലക്ഷം | Priority - 30.2 ലക്ഷം |
| APL-SS -41 ലക്ഷം | Non-Priority (Sub) - 26 ലക്ഷം |
| APL -Normal 21.7 ലക്ഷം | Non-Priority (Non-Sub) - 21.3 ലക്ഷം |

## റേഷൻ കാർഡ്; എങ്ങനെ അപേക്ഷിക്കാം

പുതിയ റേഷൻ കാർഡ്, പേര് ചേർക്കൽ, പേര് കുറയ്ക്കൽ, റേഷൻ കാർഡ് സംബന്ധിച്ചുള്ള എല്ലാ അപേക്ഷകളും ഇപ്പോൾ ഓൺലൈൻ ആയിട്ടാണ് സ്വീകരിക്കുക. ഓൺ

* ഓരോ മാസവും മാറുന്ന കണക്കാണിത്. ഏറ്റവും പുതിയ കണക്കുകൾ അറിയാൻ https://epos.kerala.gov.in/KeyRegCards_Interface.jsp എന്ന URL ൽ തിരയുക.

ലൈൻ വഴിയോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ റേഷൻ കാർഡ് സംബന്ധിച്ച അപേക്ഷകൾ നൽകാവുന്നതാണ്. **റേഷൻ കാർഡുകൾ സംബന്ധിച്ച അപേക്ഷാ ഫോമുകൾ ഡൗൺലോഡ് ചെയ്യാൻ https://civilsupplieskerala.gov.in/index.php/content/index/ration-card-application-forms എന്ന URL ഉപയോഗിക്കുക.**

http://ecitizen.civilsupplieskerala.gov.in/index.php/c_login എന്ന URL - ലിൽ സെർച്ചു ചെയ്താൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാൻ കഴിയും. നേരിട്ട് ഓൺലൈൻ അപേക്ഷകൾ നൽകാനായി ഇനി പറയും പ്രകാരമുള്ള സ്റ്റെപ്പുകൾ ചെയ്യാം.

- http://ecitizen.civilsupplieskerala.gov.in/index.php/c_login എന്ന URL - ലിൽ കയറുക.
- സിറ്റിസൺ ലോഗിൻ, അക്ഷയ ലോഗിൻ എന്നീ രണ്ട് ഓപ്ഷനുകൾ കാണാം. അവയിൽ സിറ്റിസൺ ലോഗിൻ ക്ലിക് ചെയ്യുക.
- ലോഗിൻ പേജിൽ ക്രിയേറ്റ് ആൻ അക്കൗണ്ട് എന്ന ലിങ്കിൽ ക്ലിക് ചെയ്യുക. അപ്പോൾ രജിസ്ട്രേഷൻ ഫോം എന്ന പേജിൽ എത്തും.
- രജിസ്ട്രേഷൻ ഫോം പേജിൽ പുതിയ റേഷൻ കാർഡ് ഉണ്ടാക്കുന്നതിനു വേണ്ടിയാണോ എന്ന ചോദ്യത്തിന് YES/NO എന്ന് കാണാം.
- ഇതിൽ പുതിയ കാർഡിന് വേണ്ടിയാണെങ്കിൽ മാത്രം Yes കൊടുക്കുക. ബാക്കി എല്ലാ അപേക്ഷകൾക്ക് വേണ്ടിയാണെങ്കിൽ NO കൊടുക്കുക.
- അപേക്ഷകന്റെ താലൂക്ക്/CRO തിരഞ്ഞെടുക്കുക.
- പേര്, ഇ-മെയിൽ വിലാസം, മൊബൈൽ ഫോൺ നമ്പർ എന്നിവ കൊടുത്ത് യൂസർ ഐഡിയും പാസ്‌വേർഡും കാപ്ഷേ കോഡും കൊടുത്ത് സബ്മിറ്റ് ചെയ്യുക.
- അപ്പോൾ അപേക്ഷകന്റെ ഇ-മെയിലിൽ വരുന്ന ആക്ടിവേഷൻ ലിങ്കിൽ ക്ലിക് ചെയ്ത് യൂസർ ഐഡിയും

പാസ് വേർഡും കൊടുത്ത് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാം. (നിലവിലുള്ള കാർഡു സംബന്ധിച്ചുള്ള അപേക്ഷകൾക്ക് രജിസ്ട്രേഷൻ ഫോം പേജിൽ NO കൊടുക്കുക. തുടർന്ന് ആധാർ നമ്പർ/റേഷൻ കാർഡ് നമ്പർ എന്നിവ നൽകി സമ്മത പത്രം ക്ലിക് ചെയ്യുക. തുടർന്ന് ലോഗിൻ ഐഡി ക്രിയേറ്റ് ചെയ്യാം.)

## ഫോട്ടോകൾ/മറ്റ് രേഖകൾ എങ്ങനെ അപ് ലോഡ് ചെയ്യണം

ഫോട്ടോകൾ JPEG ഫോർമാറ്റിലും (15 KB യിൽ കൂടാതെ) /മറ്റു രേഖകൾ PDF ഫോർമാറ്റിലും (200 KB യിൽ കൂടാതെ) അപ് ലോഡ് ചെയ്യാം.

### ശ്രദ്ധിക്കുക

**യൂസർ ഐഡിയും പാസ് വേർഡും സൂക്ഷിച്ച് വയ്ക്കുക. തുടർ അന്വേഷണങ്ങൾക്ക് ലോഗിൻ ചെയ്യുവാൻ ഇത് ആവശ്യമാണ്. ഒരു പക്ഷേ മറന്നു പോയാൽ 0471-2322155 എന്ന ഫോണിൽ ബന്ധപ്പെടുകയോ ccsitcell@gmail.com എന്ന മെയിൽ ഐഡിയിലേക്ക് ഇ-മെയിൽ ചെയ്യുകയോ ചെയ്യാം.**

വിശദമായ യൂസർ മാന്വൽ വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾ ദൂരീകരിക്കാൻ 0471-2322155 എന്ന ഫോണിൽ ബന്ധപ്പെടുക.

ഓൺ ലൈൻ അപേക്ഷ സമർപ്പിച്ചശേഷം അതിന്റെ പ്രിന്റ് എടുത്ത് ബന്ധപ്പെട്ട രേഖകൾ സഹിതം സൂക്ഷിക്കുക.

റേഷൻ കാർഡ് TSO/CRO അംഗീകരിച്ചു കഴിയുമ്പോൾ അപേക്ഷകന് SMS മുഖേനയോ ഫോണിലൂടെയോ അറിയിപ്പു ലഭിക്കും. അറിയിപ്പു ലഭിച്ചാൽ സപ്ലൈ ഓഫീസിൽ നേരിട്ട് ഹാജരായി അപേക്ഷയുടെ ഹാർഡ് കോപ്പി നൽകി റേഷൻ കാർഡ് കൈപ്പറ്റാം. റേഷൻ കാർഡ് പ്രിന്റു ചെയ്യുന്നതിന് 100 രൂപയാണ് ഫീസ് ഈടാക്കുന്നത് എന്നാൽ മുൻഗണന എ എ വൈ, വിഭാഗങ്ങൾക്ക് 50 രൂപയാണ്

ഫീസ്. ST വിഭാഗത്തിന് ഫീസ് നൽകേണ്ടതില്ല.

## റേഷൻ കാർഡ് സംബന്ധമായ സംശയങ്ങളും മറുപടികളും

റേഷൻ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിനായി കാർഡ് അച്ചടി കഴിഞ്ഞ് ലഭിച്ച ശേഷം ഓൺ ലൈനായോ അക്ഷയ കേന്ദ്രങ്ങൾ മു ഖേനയോ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നല്കാവുന്ന തുമാണ്.

## എന്താണ് RCMS?

**റേഷൻ കാർഡുകളും അനുബന്ധ സേവനങ്ങളും പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുന്നതിനുള്ള സോഫ്റ്റ് വെയർ ആണ് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം അഥവാ RCMS**

## റേഷൻ കാർഡിൽ വരുത്താവുന്ന തിരുത്തലുകളും ആവശ്യമായ രേഖകളും

**ഉടമയെ മാറ്റുന്നതിന്:** മാറ്റംവരുത്തുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ടുള്ള അപേക്ഷ. അപേക്ഷയ്ക്കാധാരമായ രേഖകളുടെ പകർപ്പുകൾ ( ഉദാ. ഉടമയുടെ മരണ സർട്ടിഫിക്കറ്റ്). ഇത്തരത്തിൽ മാറ്റം വരുത്തുമ്പോൾ കുടുംബത്തിലെ മുതിർന്ന സ്ത്രീയായിരിക്കും അടുത്ത അവകാശി. മുതിർന്ന സ്ത്രീയുടെ അഭാവത്തിൽ മാത്രമായിരിക്കും പുരുഷന്മാർ പരിഗണിക്കപ്പെടുക.

**കാർഡിലെ വിലാസം മാറ്റുന്നതിന്:** നിശ്ചിത ഫോമിൽ അപേക്ഷ സമർപ്പിക്കുക. ഒപ്പം പുതിയ വിലാസം തെളിയിക്കുന്നതിനുള്ള റസിഡന്റ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുക.

### അംഗങ്ങളെ കൂട്ടിച്ചേർക്കുന്നതിന്

**പ്രായപൂർത്തിയായ വ്യക്തികളെ ചേർക്കുന്നതിന്**

നിശ്ചിത ഫോമിൽ അപേക്ഷ സമർപ്പിക്കുക. കാർഡുടമയുടെ സമ്മതപത്രം, മുൻ കാർഡിൽ നിന്നും കുറവ് ചെയ്ത റിഡക്ഷൻ സർട്ടിഫിക്കറ്റ്, കാർഡുടമയുമായുള്ള ബന്ധം



തെളിയിക്കുന്ന രേഖകളുടെ പകർപ്പ്, പ്രായം / ജനന തീയതി തെളിയിക്കുന്ന രേഖ, വരുമാന സർട്ടിഫിക്കറ്റ്

### പ്രായപൂർത്തിയാകാത്ത കുട്ടികളെ ചേർക്കുന്നതിന്

ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ്

**മുൻകാർഡുകളിൽ പേര്** ഉൾപ്പെട്ടിട്ടില്ലാത്ത വ്യക്തികളെ സംബന്ധിച്ച്.

ടി വ്യക്തിയുടെ പേരിൽ എം എൽ എ നല്കുന്ന സർട്ടി ഫിക്കറ്റോ വ്യക്തിയുടെ ആധാറോ, കാർഡുടമയുടെ സമ്മത പത്രം, കാർഡുടമയുമായുള്ള ബന്ധം തെളിയിക്കുന്ന രേഖകളുടെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്.

### അംഗങ്ങളെ ഒഴിവാക്കുന്നതിന്

നിശ്ചിതഅപേക്ഷാ ഫോമിനോടൊപ്പം അംഗത്തെ ഒഴിവാക്കുന്നതിനുള്ള വ്യക്തമായ കാരണവും തെളിയിക്കാ നാവശ്യമായ രേഖകളും (ഉദാ. മരണസർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് തുടങ്ങിയവ).

### കാർഡ് സറണ്ടർ ചെയ്യുന്നതിന്

നിശ്ചിത അപേക്ഷാ ഫോമിനോടൊപ്പം കാർഡ് സറണ്ടർ ചെയ്യുന്നതിനുള്ള കാരണം വ്യക്തമാക്കുകയും അതോ ടൊപ്പം പുതുതായി കാർഡ് ചേർക്കേണ്ട താലൂക്കിന്റെ

പേരു വ്യക്തമാക്കുകയും ചെയ്യുക.

## അംഗങ്ങളുടെ പേരു തിരുത്തുന്നതിന്

നിശ്ചിത അപേക്ഷാ ഫോമിനോടൊപ്പം വാദം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ ഹാജരാക്കുക. (ആവശ്യമെങ്കിൽ) വില്ലേജ് ഓഫീസറുടെ ഒൺ& സെയിം സർട്ടിഫിക്കറ്റ് ഹാജരാക്കുക.

## NRI /NRK സ്റ്റാറ്റസ് തിരുത്തുന്നതിന്

നിശ്ചിത അപേക്ഷാ ഫോമിനോടൊപ്പം പാസ്പോർട്ടിന്റെ സീൽഡ് പേജിന്റെ പകർപ്പും ഹാജരാക്കുക.

## കാർഡിലെ വരുമാനം മാറ്റുന്നതിന്

വില്ലേജ് ഓഫീസർ നല്കുന്ന വരുമാന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കുക.

## റേഷൻ കാർഡ് നഷ്ടപ്പെട്ടാൽ

നിർദ്ദിഷ്ട ഫോറത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ടി എസ് ഒ/സി ആർ ഒ കൾക്ക് അപേക്ഷ സമർപ്പിക്കുക.

## പരാതി പരിഹാരസംവിധാനം (Grievance Redressal System)

പൊതുവിതരണരംഗത്തെ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി കാര്യക്ഷമമായ ഓൺ ലൈൻ സംവിധാനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. http://pg.civilsupplieskerala.gov.in എന്ന URL- ലിലും പൊതുജനങ്ങൾക്ക് 1967 എന്ന ടോൾ ഫ്രീ നമ്പരിലും ഓഫീസുകളിൽ നേരിട്ടും പരാതി നല്കാവുന്നതാണ്. ഈ പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതാണ്. ടി പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ നിരീക്ഷിക്കുവാൻ വകുപ്പു മന്ത്രിക്കും എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥർക്കും സാധിക്കുന്നതാണ്.

## ജില്ലാ പരാതി പരിഹാര ഓഫീസർ (District Grievance Redressal Officer)

പൊതുവിതരണരംഗത്തെ സംബന്ധിച്ചുള്ള പരാതികൾ

പരിഹരിക്കുന്നതിനായി അതാത് ജില്ലാ എ ഡി എം-നെ (Additional District Magistrate) പരാതി പരിഹാര ഓഫീസർ ആയി നിയമിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതുജനങ്ങൾക്ക് http://pg.civilsupplieskerala.gov.in എന്ന URL -ൽ പരാതി രജിസ്റ്റർ ചെയ്യാവുന്നതും നേരിട്ട് അപേക്ഷ നൽകാവുന്നതുമാണ്.

## റേഷൻ വിതരണ സമ്പ്രദായം നിയമ ചട്ടങ്ങൾ

01 ജൂലൈ 1966-ലെ കേരളാ റേഷനിംഗ് ഓർഡർ പ്രകാരമാണ് കേരളത്തിൽ റേഷൻ വിതരണവും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും നടന്നു വന്നത്. NFSA പ്രകാരമുള്ള റേഷനിംഗ് ഓർഡർ സംസ്ഥാന റൂൾ തുടങ്ങിയവ പുതിയതായി തയ്യാറാക്കിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 -ലെ സെക്ഷൻ 40 പ്രകാരം സംസ്ഥാനത്ത് ഫുഡ് സെക്യൂരിറ്റി റൂൾസ് 2018-ൽ നിലവിൽ വന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിനനുസരിച്ച് പരിഷ്കരിച്ച കേരള റേഷനിംഗ് ഓർഡർ (KRO) ഉടൻ നിലവിൽ വരുന്നതാണ്.

ഇന്ത്യാ ഗവൺമെന്റിന്റെ 1955-ലെ അവശ്യസാധന നിയമത്തിന്റെ ചുവടുപിടിച്ചാണ് നമ്മുടെ റേഷനിംഗ് ഓർഡർ രൂപപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ റേഷനിംഗ് ഓർഡറിലെ ചില പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാം.

1. റേഷനിംഗ് സംവിധാനത്തിൽ 'Adult' അഥവാ പ്രായപൂർത്തിയായ കുടുംബാംഗം എന്നാൽ 12 വയസ് പൂർത്തിയാക്കിയ വ്യക്തിയാണ്. 'Child' അഥവാ കുട്ടി എന്നാലോ 12 വയസ്സു പൂർത്തിയാകാത്തതും 2 വയസ് കഴിഞ്ഞതുമായ വ്യക്തിയാണ്. 2 വയസിനു താഴെയുള്ളവരൊക്കെ ശിശു എന്നാണ് അറിയപ്പെടുക.
2. 'Family' കുടുംബം എന്നത് ഒരേ സ്ഥലത്തു താമസിക്കുകയും ഒരേ സ്ഥലത്ത് (അടുക്കള) പാചകം ചെയ്യുകയും ആഹാരം പങ്കുവയ്ക്കുകയും ചെയ്യുന്ന വ്യക്തികളുടെ കൂട്ടായ്മയാണ്.

ഈ രണ്ടു വസ്തുതകളും പരിശോധിച്ചാൽത്തന്നെ റേഷൻ കാർഡ് ഒരു കുടുംബത്തിനോ വ്യക്തിക്കോ അനുവദിക്കാ



മെന്നും അതിലെ ഒരു പൂർണ അംഗത്തിന് 12 വയസ്സു കഴിയണമെന്നും മനസ്സിലാക്കാം. കുട്ടികളുടെ പേര് റേഷൻ കാർഡിൽ വരണമെങ്കിൽ അവന്/അവൾക്ക് 2 വയസ്സു തികയുകയും വേണം.

റേഷൻ സാധനങ്ങൾ, റേഷൻ ദിവസം, റേഷൻ രേഖ, റേഷൻ സ്ഥലം എന്നീ പദങ്ങൾക്കെല്ലാം സർക്കാർ വ്യക്തമായ നിർവചനങ്ങൾ നൽകിയിട്ടുണ്ട്. അവയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടത് എല്ലാ പൗരന്മാരുടെയും ആവശ്യമാണ്.

റേഷൻ സാധനങ്ങൾ എന്നാൽ പ്രാദേശികവ്യത്യാസങ്ങൾക്കനുസരിച്ച് വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾ. ഇവിടെ ശ്രദ്ധിക്കേണ്ടത് ഭക്ഷണ പദാർത്ഥങ്ങൾ മാത്രമല്ല റേഷൻഷോപ്പിലൂടെ വിതരണം ചെയ്യുക എന്നതാണ്. അവശ്യസാധനങ്ങൾ എന്നു സർക്കാരിനു ബോധ്യമാകുന്നത് എന്തും റേഷൻ സാധനങ്ങൾ എന്ന നിർവചനത്തിൽപെടും.

റേഷൻ ദിവസം എന്നതാകട്ടെ ഒരു പ്രദേശത്ത് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്ന ദിവസത്തെയാണ് സൂചിപ്പിക്കുന്നത്.

## ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

കേന്ദ്ര പൂളിലേക്ക് സംഭരിക്കപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം സർക്കാർ കർശനമായി നിയന്ത്രിക്കുന്നുണ്ട്. ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രാലയത്തിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ സെല്ലും ബംഗളൂരു, ഭോപ്പാൽ, ഭുവനേശ്വർ, കൊൽക്കത്ത, ഹൈദ്രാബാദ്, ലക്നൗ, പൂണെ, ഗ്വാഹട്ടി, ചെന്നൈ, പാട്ന എന്നിവിടങ്ങളിൽ ഫീൽഡ് ഓഫീസുകളും പ്രവർത്തിക്കുന്നു. FCI യും മററ് സംസ്ഥാന ഏജൻസികളും വഴി നടക്കുന്ന ഭക്ഷ്യധാന്യ സംഭരണത്തിന്റെയും ശേഖരണത്തിന്റെയും വിതരണത്തിന്റെയും എല്ലാ ഘട്ടങ്ങളിലും ഗുണനിലവാര പരിശോധനകൾ നടക്കുന്നുണ്ട്. സംസ്ഥാന സർക്കാർ ഏജൻസികൾക്കും ഉദ്യോഗസ്ഥർക്കുമായി ഭക്ഷ്യധാന്യ ഗുണനിലവാരം സംബന്ധിച്ച് പരിശീലനവും നൽകി വരുന്നു. സംസ്ഥാനത്ത് CFRD, കാർഷിക സർവകലാശാല തുടങ്ങിയ ഏജൻസികൾ ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണനിലവാരവും അവയിലെ മാലിന്യവും പരിശോധിച്ച് ഫലം നൽകുന്നുണ്ട്.

## ഇന്ത്യൻ സ്റ്റോറേജ് മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (IGMRI) ഹാപൂർ (Hapur)

IGMRI ഹാപുരും അതിന്റെ ഫീൽഡ് ഓഫീസുകളായ ലുധിയാന, ഹൈദരാബാദ് എന്നിവിടങ്ങളിൽ ധാന്യശേഖരണം സംബന്ധിച്ച പരിശീലനങ്ങളും ഗവേഷണങ്ങളും നടന്നു വരുന്നു. ശേഖരണം, ഇൻസ്പെക്ഷൻ, പെസ്റ്റ് കൺട്രോൾ തുടങ്ങിയവയിൽ ട്രെയിനിംഗ് കോഴ്സ് നടത്തിവരുന്നു.

## കേന്ദ്രധാന്യ അവലോകന ലബോറട്ടറി

സെൻട്രൽ ഗ്രെയ്ൻ അനലൈസിസ് ലബോറട്ടറി (CGAL) ന്യൂഡൽഹിയിൽ സ്ഥിതി ചെയ്യുന്നു. സംഭരണ, ശേഖരണ, വിതരണ സമയങ്ങളിൽ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം അവലോകനം ചെയ്യുന്ന സ്ഥാപനം. ക്വാളിറ്റി



കൺട്രോൾ ഓഫീസർമാർ ശേഖരിക്കുന്ന സാംപിളുകളാണ് പരിശോധിക്കുന്നത്. ധാന്യങ്ങളിലെ യൂറിക് ആസിഡ്, പ്രോട്ടീൻ തുടങ്ങിയ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിനും CGAK- ൽ സംവിധാനമുണ്ട്.

## ഭക്ഷ്യധാന്യങ്ങളുടെ ശേഖരണം

കേന്ദ്രപൂളിലെ ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി ശേഖരിച്ചു വയ്ക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളിലും FCI -ക്ക് സ്വന്തമായി ഗോഡൗണുകളുടെ ശൃംഖലയുണ്ട്. അതിനു പുറമെ സെൻട്രൽ വെയർ ഹൗസ് കോർപ്പറേഷൻ (CWC), സംസ്ഥാന വെയർ ഹൗസ് കോർപ്പറേഷൻ എന്നിവരുടെ ഗോഡൗണുകൾ വാടകക്ക് എടുക്കുന്നുണ്ട്. 783.17 ലക്ഷം മെട്രിക്ടൺ ശേഖരണ ശേഷി രാജ്യത്തെ വിവിധ ഏജൻസികൾക്കായി ഉണ്ട്.

## ശേഖരണ ശേഷി വർദ്ധിപ്പിക്കാൻ

ഭക്ഷ്യധാന്യങ്ങളുടെ വർദ്ധിച്ചു വരുന്ന ഉൽപാദനത്തിന്റെയും സംഭരണത്തിന്റെയും അനുപാതത്തിൽ ശേഖരണശേഷിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനായി 2008 മുതൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ഒരു സ്വകാര്യ

എന്റ്രപ്രിണേഴ്സ് ഗ്യാരന്റി (Entrepreneurs guarantee-PEG) പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി PPP മോഡിലാണ് നടപ്പിലാക്കുന്നത്. സ്റ്റോറേജ് ഗ്യാപ് നിലവിലുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ചും ഉപഭോഗം കൂടിയ പ്രദേശങ്ങളിൽ ഗോഡൗണുകൾ സ്ഥാപിക്കുവാനാണ് പ്രഥമ പരിഗണന നൽകുന്നത്. TPDS നും OWS നും 4 മാസത്തേക്കുള്ള ഭക്ഷ്യധാന്യ ശേഖരമാണ് കരുതലായി സൂക്ഷിച്ചുവയ്ക്കേണ്ടത്.

ഭക്ഷ്യധാന്യശേഖരണത്തിനായി സ്റ്റീൽ സിലോസ് (steel silos) ഉരുക്കു നിലവറകളുടെ നിർമാണത്തിലും PPP മാതൃക നടപ്പിലാക്കുന്നുണ്ട്. ഇത് നിലവിലെ വിതരണ ശൃംഖല യന്ത്രവൽക്കരിക്കുന്നതിനും വിതരണ രംഗത്തെ പ്രവർത്തന മികവ് കൈവരിക്കുന്നതിനു സഹായിക്കും.

## വെയർ ഹൗസിംഗ് ഡെവലപ്മെന്റ് ആന്റ് റെഗുലേറ്ററി അതോറിറ്റി

വെയർഹൗസിംഗ് സെക്ടറിന്റെ വളർച്ചക്കും വികസന ത്തിനുമായി 2010-ൽ നിലവിൽ വന്ന വെയർഹൗസിംഗ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ട് 2007 നിലവിൽ കൊണ്ടുവരുകയും വെയർഹൗസിംഗ് റെഗുലേറ്ററി അതോറിറ്റി (WDRA) രൂപീകരിക്കുകയും ചെയ്തു. വെയർഹൗസുകളിൽ ശേഖരിച്ചിരിക്കുന്ന ഭക്ഷ്യധാന്യ ശേഖരങ്ങളെ അടിസ്ഥാനപ്പെടുത്തി പുറപ്പെടുവിക്കുന്ന The negotiable warehouse receipts (NWRS) ബാങ്കുകളിൽ നൽകി കർഷകർക്ക് വായ്പ എടുക്കാവുന്നതാണ്. കർഷകരെ വിളവെടുപ്പുകാലത്തെ വിലയിടിവിൽ നിന്ന് രക്ഷനേടാൻ ഈ സംവിധാനം സഹായിക്കും. ധാന്യങ്ങളും പച്ചക്കറികളും ഉൾപ്പെടെ 149 ഇനം കാർഷിക ഉൽപന്നങ്ങൾക്ക് NWRS പുറപ്പെടു വിക്കാൻ രജിസ്റ്റർ ചെയ്ത വെയർ ഹൗസുകൾക്ക് കഴിയും.

# സുതാര്യതയും അക്കൗണ്ടബിലിറ്റിയും സുതാര്യത, സോഷ്യൽ ഓഡിറ്റ്

കേന്ദ്ര സംസ്ഥാന സർക്കാർ പൊതുഖജനാവിൽ വൻ തോതിൽ സബ്സിഡി നൽകി നിലനിർത്തുന്ന പൊതുവിതരണ സംവിധാനം ജനങ്ങൾക്കു മുമ്പിൽ സുതാര്യമായിരിക്കേണ്ടതുണ്ട്. അതിനായി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് വിപുലമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

വകുപ്പിനെക്കുറിച്ചും ഇ പോസ് മെഷീനെക്കുറിച്ചും അറിയാനും സംസ്ഥാനത്ത് എത്ര റേഷൻകടകൾ തുറന്നിരിക്കുന്നു, അവയിലെ സ്റ്റോക്ക് വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ അറിയാനും epos.gov.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്താൽ മതിയാകും.

റേഷൻ സംവിധാനത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി പരമാവധി വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്.

- പൊതുവിതരണ വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ തലം മുതലുള്ള ഒദ്യോഗിക മൊബൈൽ ഫോൺ നമ്പറുകൾ അറിയാൻ https://civilsupplieskerala.gov.in/index.php/content/index/mobile-numbers എന്ന URL-ൽ തിരഞ്ഞാൽ മതി.
- പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം ഉദ്യോഗക്കയറ്റം ഡെപ്യൂട്ടേഷൻ എന്നിവ https://civilsupplieskerala.gov.in/index.php/content/index/promotion-and-deputation-orders എന്ന URL -ലൂടെയും




- പൊതുവിതരണ വകുപ്പിൽ നിന്നിറങ്ങുന്ന പ്രധാന ഉത്തരവുകളും സർക്കുലറുകളും https://civilsupplieskerala.gov.in/index.php/content/index/circulars-and-govt-orders എന്ന URL -ലിലൂടേയും അറിയാൻ സാധിക്കും.
- പൊതുവിതരണ വകുപ്പിന്റെ എല്ലാ ഓഫീസുകളുടെയും വിലാസവും ഫോൺ നമ്പരും ഇ-മെയിൽ വിലാസവും അറിയുന്നതിന് https://civilsupplieskerala.gov.in/index.php/content/index/telephone-numbers എന്ന URL-ലിലൂടെ നേരിട്ട് ഇന്റർനെറ്റിൽ തിരഞ്ഞാൽ മതി.
- ജില്ലാ തലത്തിലും താലൂക്ക് തലത്തിലും റേഷൻ കടകളുടെ (FPS) എണ്ണവും മറ്റുവിവരങ്ങളും https://civilsupplieskerala.gov.in/index.php/ard എന്ന URL-ലിലൂടെ അറിയാം.
- പ്രതിമാസ റേഷൻ വിഹിതത്തെക്കുറിച്ചും ആരുവാങ്ങി, ഏതുകടയിൽ നിന്നു വാങ്ങി, എന്തൊക്കെ വാങ്ങി തുടങ്ങിയ വിവരങ്ങളെ കുറിച്ചും അറിയാൻ https://epos.kerala.gov.in/SRC_Trans_Int.jsp എന്ന URL ഉപയോഗിച്ചാൽ മതി.
- ഓരോ റേഷൻ കടകളിലെയും സ്കീം പ്രകാരമുള്ള

സ്റ്റോക്ക് വിവരങ്ങൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കുവാൻ https://epos.kerala.gov.in/Stock_Register_Interface.jsp എന്ന URL-ലിലൂടെ സാധിക്കും. ഏതു റേഷൻ കടയിലെയും സ്റ്റോക്ക് നിങ്ങൾക്ക് ഓൺലൈനായി അറിയാം.

- ഏതു ദിവസം എത്ര സ്റ്റോക്ക് കടകളിൽ ഉണ്ടായിരുന്നു എന്നറിയുന്നതിന് https://epos.kerala.gov.in/Stock_Date_Interface.jsp എന്ന URL സെർച്ച് ചെയ്താൽ മതി.
- പ്രതിമാസ കീ രജിസ്റ്റർ https://epos.kerala.gov.in/KeyRegCards_Interface.jsp എന്ന URL-ലിലും
- NFSA ഡിപ്പോകളിലെ സ്റ്റോക്ക് https://epos.kerala.gov.in/Depot_StockRegister_DistWise.jsp എന്ന URL-ലിലും ജനങ്ങൾക്ക് കാണാൻ കഴിയും
- ദിനാധിഷ്ഠിതമായി നടന്ന വില്പന വിവരങ്ങൾ https://epos.kerala.gov.in/DateWiseTrans_Interface.jsp എന്ന URLലിൽ സെർച്ചു ചെയ്താൽ ലഭിക്കും.
- ഒരു നിശ്ചിത സമയ, ദിവസ പരിധിയിൽ നടന്ന വില്പന വിവരങ്ങൾ എടുക്കാൻ https://epos.kerala.gov.in/DayWiseTrans_Interface.jsp എന്ന URL ഉപയോഗിച്ചാൽ മതി.
- വില്പന വിവരങ്ങളുടെ പ്രതിമാസ Abstract ലഭിക്കണമെങ്കിൽ https://epos.kerala.gov.in/Month_Trans_Interface.jsp എന്ന URL സെർച്ച് ചെയ്യുക.
- പൊതുവിതരണ വകുപ്പിലെ പൗരാവകാശ രേഖ, സേവനാവകാശം എന്നിവയെക്കുറിച്ച് അറിയാൻ https://civilsupplieskerala.gov.in/index.php/content/index/citizen-charter# എന്ന URL-ലിൽ സെർച്ച് ചെയ്യുക.

വിവരാവകാശ നിയമം, സേവനാവകാശ നിയമം തുടങ്ങിയവ നൽകുന്ന സുതാര്യതക്കു പുറമെ സോഷ്യൽ ആഡി

റ്റ് സംവിധാനവും ഉപഭോക്തൃ വിജിലൻസ് സമിതികളും പൊതുവിതരണ വകുപ്പിനെ കൂടുതൽ സുതാര്യമാക്കുന്നു.

## സോഷ്യൽ ആഡിറ്റ്

NFSA-യുടെ കീഴിൽ വരുന്ന റേഷൻ കടകളുടെയും TPDS ന്റെയും ക്ഷേമ സ്കീമുകളുടെയും സോഷ്യൽ ആഡിറ്റ് ആറുമാസത്തിലൊരിക്കലെങ്കിലും നടത്തിയിരിക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾതോറും ആവണം സോഷ്യൽ ആഡിറ്റ് നടത്തേണ്ടത്. എല്ലാ സാമ്പത്തിക വർഷവും സോഷ്യൽ ആഡിറ്റിലൂടെ കണ്ടെത്തിയ വിവരങ്ങൾ സംസ്ഥാന സർക്കാരിനും CAG -ക്കും സമർപ്പിക്കണം.

സോഷ്യൽ ആഡിറ്റിനായി രൂപീകരിക്കപ്പെടുന്ന സോഷ്യൽ ആഡിറ്റ് യൂണിറ്റ് ഇനി പറയുന്ന കാര്യങ്ങൾ ചെയ്യണം.

എ. വാർഡ്/ഗ്രാമസഭകളിൽ സോഷ്യൽ ആഡിറ്റ് നടത്തുവാൻ പരിശീലനം നൽകാൻ കഴിവുള്ള പരിശീലകരെ കണ്ടെത്തി ഗ്രാമ/ബ്ലോക്ക്/ജില്ലാ സംസ്ഥാന തലത്തിലുള്ള സ്റ്റെയ്ക്ക് ഹോൾഡേഴ്സിന് സോഷ്യൽ ആഡിറ്റ് സംബന്ധിച്ച് പരിശീലനം നൽകണം.

ബി. സോഷ്യൽ ആഡിറ്റ് സംബന്ധിച്ച അവബോധം ഗുണഭോക്താക്കളിലും ഉദ്യോഗസ്ഥരിലും ഉണ്ടാക്കണം.

സി. റേഷൻ കടകളിലെ രേഖകൾ ഗുണഭോക്താക്കൾക്കൊപ്പം പരിശോധിക്കണം.

ഡി. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണം.

സോഷ്യൽ ആഡിറ്റിന് വാർഷിക കലണ്ടർ നിശ്ചയിച്ച് അതാത് പ്രദേശത്തെ സോഷ്യൽ ആഡിറ്റ് നോഡൽ ഓഫീസർമാരായ ATSO മാരുടെ നേതൃത്വത്തിലാവണം ആഡിറ്റിംഗ് നടത്തേണ്ടത്. ഇതിനായി റേഷൻ കടകൾ, അങ്കണവാടികൾ, സ്കൂളുകൾ തുടങ്ങി എല്ലാ സ്ഥലങ്ങളിലെയും രേഖകളും രജിസ്റ്ററുകളും പരിശോധിക്കേണ്ടത് സോഷ്യൽ ആഡിറ്റ് യൂണിറ്റിന് ആവശ്യമാണ്. ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം, ശരിയായ അളവ് തൂക്കം എന്നി

വയും പരിശോധിക്കാം.

റിസോഴ്സ് പേഴ്സൺ അറിയിക്കുന്നതു പ്രകാരം നോഡൽ ഓഫീസർ ഗ്രാമസഭകൾ വിളിച്ചു ചേർത്ത് ചർച്ച ചെയ്യണം.

ഈ സഭയിൽ അതാതു പ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, റേഷൻകടയുടമകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ നിർബന്ധമായും പങ്കെടുത്തിരിക്കണം. സോഷ്യൽ ആഡിറ്റ് റിപ്പോർട്ട് പ്രാദേശിക ഭാഷയിൽ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണം.

നോഡൽ ഓഫീസർ ആഡിറ്റിൽ പ്രകാരമുള്ള തിരുത്തലുകൾ വരുത്തി എന്നുറപ്പാക്കാം.

സോഷ്യൽ ആഡിറ്റ് റിപ്പോർട്ടുകൾ പരിശോധനക്കായി അതാതു തലങ്ങളിലെ വിജിലൻസ് കമ്മിറ്റികൾക്ക് നൽകണം. നടപടി റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ ഉറപ്പുവരുത്തേണ്ടതും അതാത് തലങ്ങളിലെ വിജിലൻസ് കമ്മിറ്റികളാണ്.

## വിജിലൻസ് സമിതികൾ

NFSA പ്രകാരം ഗുണഭോക്തൃ ശാക്തീകരണത്തിനായി വിജിലൻസ് സമിതി പ്രവർത്തിക്കേണ്ടതുണ്ട്.

FPS (റേഷൻ കട) തലത്തിലും താലൂക്ക്, ജില്ല, സംസ്ഥാനതലങ്ങളിലും വിജിലൻസ് സമിതികൾ പ്രവർത്തിക്കണം. സംസ്ഥാന തല വിജിലൻസ് സമിതി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായും സാമൂഹിക നീതി വകുപ്പ് മന്ത്രി, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി, സംസ്ഥാനത്തെ അഞ്ച് എം.പി.മാർ (സർക്കാർ നാമനിർദേശം അനുസരിച്ച്) പൊതു വിദ്യാഭ്യാസ വകുപ്പ് എസ്.സി., എസ്.ടി. വകുപ്പ്, സാമൂഹ്യ നീതിവകുപ്പ് എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ, സിവിൽ സപ്ലൈസ് കമ്മീഷ്ണർ, സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അദ്ധ്യക്ഷൻ, സംസ്ഥാന CDRC പ്രസിഡന്റ്, പൊതു വിതരണ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടർ, സപ്ലൈകോ സി.എം.ഡി., FCI ജനറൽ മാനേജർ, ഒരു വനിതയടക്കം ഭക്ഷ്യഭദ്രത,

ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾ (സർക്കാർ നാമനിർദ്ദേശം അനുസരിച്ച് ) എന്നിവർ അംഗങ്ങളായിരിക്കണം. ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിമാർ, കൺവീനർ, നോൺ-ഓഫീഷ്യൽ അംഗങ്ങൾ എസ്.സി. എസ്.ടി. പ്രാതിനിധ്യം ഉറപ്പുവരുത്തണം. മൂന്നു മാസത്തിലൊരിക്കലെങ്കിലും സംസ്ഥാന വിജിലൻസ് സമിതികൾ കൂടിയിരിക്കണം. 5 പേരാണ് സമിതി യോഗത്തിന്റെ ക്വാറം.

## ജില്ലാ വിജിലൻസ് സമിതികൾ

ജില്ലാകളക്ടറായിരിക്കും അദ്ധ്യക്ഷൻ. ജില്ലയിലെ എല്ലാ എം.പി., എം.എൽ.എ. മാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ഐസിഡിഎസ് ജില്ലാ പ്രോഗ്രാം ഓഫീസർ, ഡി.ഡി.ആർ.ഒ., FCI ജില്ലാ മാനേജർ, പൊലീസ്, ലീഗൽ മെട്രോളജി, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ ജില്ലാ മേധാവികൾ ജില്ലയിലെ എല്ലാ താലൂക്ക് സപ്ളൈ ഓഫീസർ/ CRO മാരും ജില്ലയിലെ എല്ലാ സപ്ളൈകൊ ഡിപ്പോകളിലെയും അസി. മാനേജർമാർ, എ.ഡി.എം., നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ (ജില്ലയിൽ എം.എൽ.എ മാരുടെ പാർട്ടികൾ ഒഴികെ) കോർപ്പറേഷൻ മുൻസിപ്പാലിറ്റി പ്രതിനിധികൾ (കളക്ടരുടെ നാമനിർദ്ദേശം അനുസരിച്ച്) ഉപഭോക്തൃസംരക്ഷണം, ഭക്ഷ്യഭദ്രതാ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്നു പ്രതിനിധികൾ (ഒരാളെങ്കിലും വനിതയാകണം) എന്നിവരാകണം മെമ്പർമാർ. ജില്ലാ സപ്ലൈ ഓഫീസർ കൺവീനർ ആയിരിക്കും. സമിതിയിൽ SC, ST പ്രാതിനിധ്യം ഉറപ്പുവരുത്തണം. മൂന്നു മാസത്തിലൊരിക്കൽ ജില്ലാ വിജിലൻസ് സമിതി കൺവീനറായ ജില്ലാ സപ്ളൈ ഓഫീസർ വിളിച്ചു കൂട്ടണം. 10 പേരാണ് ക്വാറം.

## താലൂക്ക് തല വിജിലൻസ് സമിതികൾ

ആർ.ഡി.ഒ. ആയിരിക്കും ചെയർമാൻ. താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറും. താലൂക്കിലെ എം.എൽ.എ. മാർ,

ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ. ലീഗൽ മെട്രോളജി ഓഫീസർ, ഫുഡ് ഇൻസ്പെക്ടർ നിയമസഭാ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ (കളക്ടറുടെ നാമനിർദ്ദേശ പ്രകാരം) ഒരു വനിതയടക്കം മൂന്ന് വിഷയ വിദഗ്ദ്ധർ എന്നിവർ അംഗങ്ങളായിരിക്കും.

**അധികാര പരിധി താലൂക്ക്** - താലൂക്ക് വിജിലൻസ് സമിതികൾ മൂന്നുമാസത്തിലൊരിക്കൽ നടത്തേണ്ടതിന്റെ ചുമതല താലൂക്ക് സപ്ലൈ ഓഫീസർക്കാണ്.

## FPS (റേഷൻ കട) തല വിജിലൻസ് സമിതി

റേഷൻകട സ്ഥിതി ചെയ്യുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ വൈസ് പ്രസിഡന്റ്/ ചെയർമാൻ/സപ്ലൈ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ തുടങ്ങിയ പദവികളിലുള്ളവരാവും ചെയർമാനാവുക. സ്ഥലത്തെ റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വാർഡ് അംഗം/കൗൺസിലർ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ (ഗ്രാമസഭ നാമനിർദ്ദേശം ചെയ്യുന്നവർ) ഒരു വനിത ഉൾപ്പെടെ നാല് റേഷൻ കാർഡുടമകൾ, (ഗ്രാമസഭ തിരഞ്ഞെടുക്കുന്നവർ), SC, ST, ഭിന്നശേഷി പ്രാതിനിധ്യം ഉണ്ടാകണം. വില്ലേജ് ഓഫീസർ, JHI, ICDS സൂപ്പർവൈസർ, ഒരു സാമൂഹ്യ പ്രവർത്തക, ഒരു ഉപഭോക്തൃ സംഘടനാ പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കണം.

## റേഷൻകട തല വിജിലൻസ് സമിതിയുടെ പ്രവർത്തനം

മൂന്ന് മാസത്തിലൊരിക്കൽ കൂടിയിരിക്കണം. അഞ്ച് പേരാണ് ക്വാറം. ചെയർമാന്റെ അഭാവത്തിൽ മറ്റ് ഏതെങ്കിലും ഒരംഗത്തിന് സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിക്കാം.

റേഷൻ കടയിലെ സ്റ്റോക്ക് വിവരങ്ങൾ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് സുതാര്യത, ഗുണനിലവാരം തുടങ്ങിയവ FPS

തല വിജിലൻസ് സമിതികൾ സൂക്ഷ്മമായി വിലയിരുത്തണം. സമിതിയിൽ ഒഴിവുകൾ ഉണ്ടെങ്കിലും ക്വാറം തികഞ്ഞാൽ സമിതി തീരുമാനങ്ങൾ അംഗീകരിക്കപ്പെടുന്നതാണ്.

## പരാതി പരിഹാര സംവിധാനങ്ങൾ

കാര്യക്ഷമവും സുശക്തവും സുതാര്യവുമായ പരാതി പരിഹാര സംവിധാനമാണ് കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിൽ ഏർപ്പെടുത്തിയിരിക്കുന്നത്. ഒരു കാൾ സെന്റർ, ഒരു ടോൾഫ്രീ നമ്പർ (1967) എന്നിവ കൂടാതെ ഓൺലൈൻ ഒരു പരാതി പരിഹാര സംവിധാനവും നിലവിലുണ്ട്.

## പരാതി പരിഹാരത്തിന് നോഡൽ ഓഫീസർ

ഭക്ഷ്യപൊതുവിതരണ വകുപ്പിലെ പ്രവർത്തനങ്ങളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ ജില്ലാതലങ്ങളിലുള്ള ജില്ലാ പരാതി പരിഹാര ഓഫീസർക്ക് (ഡിജിആർഒ) പരാതി നൽകാം. നിലവിൽ അതാത് ജില്ലകളിലെ ADM ആണ് DGRO മാരുടെ ചുമതല വഹിക്കുന്നത്. https://civilsupplieskerala.gov.in/index.php/content/index/telephone-numbers എന്ന URL- ൽ സെർച്ച് ചെയ്താൽ സംസ്ഥാനത്തെ എല്ലാ DGRO മാരുടെയും ഫോൺ നമ്പരുകൾ, ഇ-മെയിൽ ഐഡികൾ എന്നിവ ലഭിക്കും.

## കേരള സംസ്ഥാന ഭക്ഷ്യ കമ്മിഷൻ

സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമമനുസരിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായുള്ള ഏറ്റവും ഉയർന്ന സംവിധാനമാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ.

സംസ്ഥാന ഭക്ഷ്യ -പൊതുവിതരണ സെക്രട്ടറി ചെയർപേഴ്സൺ ആയിട്ടുള്ള അഞ്ചംഗ സമിതിയാണ് ഫുഡ് കമ്മീഷണറെ തിരഞ്ഞെടുക്കുക. കൃഷിവകുപ്പ്, സെക്രട്ടറി, നിയമസെക്രട്ടറി, പൊതുവിതരണ കമ്മീഷണർ എന്നിവർ അംഗങ്ങളും പൊതുവിതരണ ഡയറക്ടർ കൺവീനറും ആയിരിക്കും.

ഒരു ചെയർപേഴ്സണും പരമാവധി അഞ്ച് അംഗങ്ങളും അടങ്ങിയതായിരിക്കും സംസ്ഥാന ഭക്ഷ്യ കമ്മീഷൻ.

## അധികാരങ്ങൾ

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള അവകാശങ്ങൾ ലഭ്യമാക്കാനുള്ള പരാതിയിൽ മേൽ ഏത് സർക്കാർ (ഉദ്യോഗസ്ഥനെ) സംവിധാനത്തിനോടും നിർദ്ദേശങ്ങൾ നൽകാൻ ഭക്ഷ്യ കമ്മീഷന് അധികാരമുണ്ടായിരിക്കും. സർക്കാരിന്റെ അനുമതിയോടുകൂടി ഭക്ഷ്യ പോഷകാഹാര ഭദ്രതയെക്കുറിച്ചുള്ള നടപടികൾ കൈക്കൊള്ളാൻ അധികാരമുണ്ടായിരിക്കും.

തിരുവനന്തപുരമാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ആസ്ഥാനം. സാധാരണ സിറ്റിങ്ങുകളും യോഗങ്ങളും ആസ്ഥാനത്തു തന്നെ കൂടാവുന്നതാണ്. എന്നാൽ ചെയർപേഴ്സന്റെ ഇഷ്ടാനുസരണം കേരളത്തിലെവിടെയും സിറ്റിങ്ങ് നടത്തുവാൻ സംസ്ഥാന ഭക്ഷ്യ കമ്മീഷന് അധികാരമുണ്ട്.

കമ്മീഷന്റെ ക്വാറം മൂന്ന് ആയിരിക്കും. യോഗങ്ങളിൽ ചെയർപേഴ്സൺ അദ്ധ്യക്ഷത വഹിക്കണം. മെമ്പർ സെക്രട്ടറിയായിരിക്കും കൺവീനർ.

## സുതാര്യതാ പോർട്ടൽ

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന സുതാര്യതാ നടപടികളിൽ പ്രധാനപ്പെട്ടത് ഗുണഭോക്താക്കൾക്ക് പരാതിപരിഹാരത്തിനായി ഒരു സുതാര്യതാ പോർട്ടൽ ഉണ്ടായിരിക്കുക എന്നതാണ്. അപ്രകാരം സംസ്ഥാനത്ത് ഒരു സുതാര്യതാ പോർട്ടൽ നിലവിൽ കൊണ്ടുവന്നിട്ടുണ്ട്. http://pg.civilsupplieskerala.gov.in എന്ന പോർട്ടലിലൂടെ ഓൺലൈനായി പരാതി സമർപ്പിക്കാം. പരാതി പരിഹാര വെബ്സൈറ്റിൽ ലോഗിൻ ചെയ്താൽ പരാതികൾ/ അഴിമതി എന്നിവ രണ്ടു വിഭാഗങ്ങളായി ലോഗിൻ ചെയ്യാം. കൂടാതെ പരാതി പരിഹാരത്തിനായി ടോൾഫ്രീ നമ്പരായ 1967 ൽ വിളിക്കാം.

## അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തൽ

കേരളത്തിൽ നാലുതരം റേഷൻ കാർഡുകളാണ് അനുവദിക്കപ്പെടുന്നത്. 1. എ.എ.വൈ. അന്ത്യോദയ അന്നയോജന. 2. പ്രയോരിറ്റി ഹൗസ് ഹോൾഡ്സ് മുൻഗണനാ വിഭാഗം. 3. NPS നോൺ പ്രയോരിറ്റി സബ്സിഡി (സംസ്ഥാന സബ്സിഡി). 4. NPNS നോൺ പ്രയോരിറ്റി നോൺ സബ്സിഡി.

കേരളത്തിൽ AAY കാർഡുകൾ ഉൾപ്പെടെ മുൻഗണനാ കാർഡുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വളരെ ശ്രദ്ധാപൂർവം ആവണം അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത് എന്നതിനാൽ ഇതു സംബന്ധിച്ച കേന്ദ്ര/സംസ്ഥാന സർക്കാർ നിബന്ധനകൾ കർശനമായി പാലിച്ചും സുതാര്യത ഉറപ്പുവരുത്തിയുമാണ് അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നത്.

- അർഹത/ മാനദണ്ഡങ്ങൾ/ഏതൊക്കെ?
- തിരഞ്ഞെടുക്കൽ പ്രക്രിയ

എ.എ.വൈ. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് വ്യക്തമായ കേന്ദ്ര മാനദണ്ഡങ്ങൾ ഉണ്ട്. അവക്കനുസരിച്ച് മാത്രമേ എ.എ.വൈ. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളൂ.

സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കാണ് എ.എ.വൈ. കാർഡ് ലഭിക്കുക. സംസ്ഥാനത്ത് 5.95 ലക്ഷം കുടുംബങ്ങൾക്ക് എ.എ.വൈ. കാർഡ് നൽകാമെന്ന തരത്തിലാണ് കേന്ദ്രസർക്കാർ ക്വാട്ട നിശ്ചയിച്ചിരിക്കുന്നത്.

## മാനദണ്ഡങ്ങൾ എന്തൊക്കെ, നിശ്ചയിക്കുന്നതാരാണ്

### എ.എ.വൈ. മാനദണ്ഡങ്ങൾ

അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടാൻ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ



1. ഭൂരഹിതരായ കർഷക തൊഴിലാളികൾ ഗ്രാമീണ മേഖലയിൽ കൈത്തൊഴിലുകൾ ചെയ്യുന്നവർ, ദിവസ വേതനത്തിൽ പണിയെടുക്കുന്ന തുച്ഛവരുമാനക്കാർ, റിക്ഷ വലിക്കുന്നവർ തുടങ്ങിയവർ.

2. വിധവകൾ/ഭിന്നശേഷിയുള്ള വ്യക്തികൾ/സ്ഥിരവരുമാനമില്ലാത്തവരും സാമൂഹിക പിന്തുണയില്ലാത്തതുമായ 60 വയസിന് മേൽ പ്രായമുള്ളവർ/മാരകമായ രോഗങ്ങൾ ബാധിച്ചവർ തുടങ്ങിയവർ കുടുംബനാഥരായി വരുന്ന കുടുംബങ്ങൾ.

3. ഒറ്റക്കു താമസിക്കുന്ന വിധവകൾ/ഭിന്നശേഷിക്കാർ/ സാമൂഹികമായും സാമ്പത്തികമായും നിലനില്പിനായി സ്ഥിരവരുമാനമില്ലാത്ത, കുടുംബമില്ലാത്ത 60 വയസു കഴിഞ്ഞവർ/തുടങ്ങിയ വ്യക്തികൾ.

4. എല്ലാ ആദിവാസി വിഭാഗങ്ങൾക്കും.

5. HIV പോസിറ്റീവ് ആയ അംഗങ്ങൾ ഉള്ള BPL കുടുംബങ്ങൾ എന്നീ സാമൂഹിക/സാമ്പത്തിക സാഹചര്യങ്ങളിൽ ഉള്ള കുടുംബങ്ങൾ/വ്യക്തികളെയാണ് AAY പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി സംസ്ഥാന/ സർക്കാർ തിരഞ്ഞെടുക്കേണ്ടത്.

## മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ

- നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിനു മുകളിൽ പ്രായമായ പുരുഷന്മാരില്ലാത്ത) കുടുംബം, അവിവാഹിതയായ അമ്മ, ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബം
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം ബി പി എൽ പട്ടികയിൽ ഉൾപ്പെട്ട കുടുംബ ങ്ങൾ (സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നിട്ടില്ലെങ്കിൽ)
- പട്ടിക വർഗ്ഗം
- ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പട്ടിക പ്രകാരം സാമ്പത്തിക സ്ഥിതിയിൽ ഉയർച്ച വന്നിട്ടില്ലെങ്കിൽ)
- കുടുംബത്തിൽ ആർക്കെങ്കിലും താഴെ പറയുന്ന ഗുരുതര രോഗങ്ങളുണ്ടെങ്കിൽ - എയ്ഡ്സ്, കാൻസർ, ഓട്ടിസം, ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം അല്ലെങ്കിൽ എൻഡോ സൾഫാൻ ബാധിതർ, സ്ഥിരമായ ഡയാലിസിസിനു വിധേയരാകുന്നവർ, ഹൃദയം, കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗങ്ങളാൽ പരസഹായമില്ലാതെ ജീവിക്കുവാൻ സാധിക്കാത്തവർ, ശരീരം തളർന്ന് ശയ്യാവലംബരായവർ.
- പരമ്പരാഗത അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങൾ

## മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ

- സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ/ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവീസ് പെൻഷൻകാർ (പാർട്ട് ടൈം ജീവനക്കാർ,



താല്ക്കാലിക ജീവനക്കാർ, ക്ലാസ്സ് 4 തസ്തികയിൽ പെൻഷനായവർ, 5,000 രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ, 10,000 രൂപയിൽ താഴെ സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നവർ ഒഴികെ)

- ആദായ നികുതി ദാതാക്കൾ
- പ്രതിമാസം 25,000/രൂപയിൽ കൂടുതൽ വരുമാനമുള്ളവർ
- സ്വന്തമായി ഒരേക്കറിനു മുകളിൽ ഭൂമിയുള്ളവർ
- സ്വന്തമായി 1000 ചതുരശ്ര അടിക്കു മുകളിൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ
- നാലു ചക്ര വാഹനം സ്വന്തമായുള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ )
- കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപനത്തിലെ ജോലിയിൽ നിന്നോപ്രതിമാസം 25000/രൂപയിൽ കൂടുതൽ വരുമാനമുള്ളവർ

സ.ഉ(സാധാ)നം. 320/2017 ഭ പൊ വി വ, തീയതി 18-09-2017)

# റേഷൻ കടകളുടെ സമഗ്ര കമ്പ്യൂട്ടർവല്ക്കരണം



## ഇ-പോസ് മെഷീനുകൾ

റേഷൻ വിഹിതം അർഹതപ്പെട്ട ഗുണഭോക്താക്കളിലെത്താതെ കരിഞ്ചന്തയിലേക്കു കടത്തുന്നു എന്നതായിരുന്നു പൊതുവിതരണ സംവിധാനത്തിന്റെ ഏറ്റവും വലിയ ന്യൂനതയായി കണക്കാക്കിയിരുന്നത്. അതിനു ശാശ്വത പരിഹാരമെന്ന നിലയിലാണ് കേരളത്തിലെ പതിനാലായിരത്തിലധികം റേഷൻ കടകളിലും ഇ-പോസ് മെഷീൻ ഏർപ്പെടുത്തിയത്.

## മെഷീനുകളുടെ സ്ഥാപനം നാൾവഴി

- 2018 ജനുവരി 6 ന് ബഹു മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു
- 2018 ജനുവരിയിൽ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ മെഷീൻ സ്ഥാപിച്ചു
- 2018 മാർച്ച് മാസം മുതൽ കൊല്ലം ജില്ലയിലെ മുഴുവൻ കടകളിലും മറ്റു ജില്ലകളിലെ ഓരോ ഫർക്കകളിലെ റേഷൻ കടകളിലും
- 2018 ഏപ്രിൽ മുതൽ 9 ജില്ലകളിലെ മുഴുവൻ കടകളിലും ഇപോസ് സ്ഥാപിച്ചു

- 2018 മേയ് മാസം മുതൽ സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇപോസ് മുഖേന റേഷൻ വിതരണം ആരംഭിച്ചു
- 2018 ജൂൺ 18 ന് സംസ്ഥാനത്ത് റേഷൻകട കമ്പ്യൂട്ടർ വല്കരണം പൂർത്തിയായതായി ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു
- എങ്ങനെയാണ് ഇപോസ് മെഷീനുകൾ പ്രവർത്തിപ്പി




ക്കുന്നതെന്ന് മനസിലാക്കുവാൻ താഴെ കാണുന്ന ചാർട്ട് നിങ്ങളെ സഹായിക്കും

- ഇപോസ് മെഷീൻ പ്രവർത്തനങ്ങളിലെ സുപ്രധാന തൽപര കക്ഷികൾ ഇവരാണ്
- സിവിൽ സപ്ലൈസ് വകുപ്പ്
- റേഷൻ വ്യാപാരി
- വിഷൻടെക് ഇപോസ് വെണ്ടർ
- എൻഐസി ആന്ധ്രാപ്രദേശ്
- എൻഐസി കേരളം
- കേരള സ്റ്റേറ്റ് ഐടി മിഷൻ എ.യു.എ. സേവനം
- ബിഎസ്എൻഎൽ, ഐഡിയ, വോഡഫോൺ, എയർടെൽ കണക്ടിവിറ്റി
- യുഐഡിഎഐ ആധാർ സേവനം
- സിഡാക് മൊബൈൽ സർവീസ് ഡെലിവറി ഗേറ്റ് വേ







ഗുണഭോക്താക്കളെ തിരിച്ചറിയുന്ന പ്രവർത്തനം ആതന്റിക്കേഷൻ ഇ പോസ് മെഷീൻ ഗുണഭോക്താക്കളെ തിരിച്ചറിയുന്നത് പ്രധാനമായും മൂന്നു വഴികളിലൂടെയാണ്.

## ആധാർ ആതന്റിക്കേഷൻ

- വിരലടയാളം വഴി തിരിച്ചറിയുന്നു. അതു സാധിക്കുന്നില്ലെങ്കിൽ ഐറിസ് ആതന്റിക്കേഷൻ നടത്താം.
- ആധാർ ഇല്ലാത്തതുകൊണ്ട് ആർക്കും റേഷൻ നിഷേധിക്കുന്നില്ല.
- മൊബൈൽ ഫോൺ നമ്പർ റേഷൻകാർഡുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിൽ OTP ആതന്റിക്കേഷൻ നടത്താവുന്നതാണ്. (ചില പ്രത്യേക സാഹചര്യങ്ങളിൽ ഇത്തരം രണ്ടു ആതന്റിക്കേഷനും ഇല്ലാതെയും റേഷൻ നൽകുന്നതാണ്, നിബന്ധനകൾക്കു വിധേയം) നിബന്ധനകൾ അറിയാൻ https://civilsupplieskerala.gov.in/index.php/content/index/ration-card-application-forms എന്ന URL സന്ദർശിക്കുക.
- റേഷൻ വ്യാപാരികൾ/പരിശോധനാ ഉദ്യോഗസ്ഥർ എന്നിവരുടെയും ആതന്റിക്കേഷൻ ആധാർ അധിഷ്ഠിതമായി (വിരലടയാളമോ, ഐറിസോ) ട്ടാണ് നടത്തുക.
- ഇ പോസ് മെഷീൻ ഓൺ ആക്കുന്ന സമയം റേഷൻ വ്യാപാരിയുടെ ആതന്റിക്കേഷൻ ഓൺലൈനായി ആധാർ അധിഷ്ഠിതമായി നടത്തുന്നു. ആധാർ വഴിയുള്ള ആതന്റിക്കേഷൻ പരാജയപ്പെടുന്ന പക്ഷം പാസ്‌വേർഡ് വഴി റേഷൻ വ്യാപാരിക്ക് ലോഗിൻ ചെയ്യാം.

## മെഷീനിൽ വിരൽ പതിക്കുമ്പോൾ ശ്രദ്ധിക്കുക

**വിരൽ അധികം അമർത്തരുത്. മെഷീനിലും വിരലിലും അഴുക്ക് ഇല്ല എന്നുറപ്പു വരുത്തുക. ബീപ് സൗണ്ട് കേട്ടതിനുശേഷം മാത്രം വിരൽ മാറ്റുക. 10 വിരലുകളും ആതന്റിക്കേഷനായി ഉപയോഗിക്കാവുന്നതാണ്.**

ഇ പോസ് മെഷീൻ എപ്പോൾ ഓൺ ചെയ്തു, അതുപയോഗിച്ചുള്ള പ്രവർത്തനങ്ങൾ, വിതരണം തുടങ്ങി എല്ലാ വിവരങ്ങളും തൽസമയം തന്നെ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശോധിക്കുവാൻ കഴിയും. അത് പൊതുജനങ്ങൾക്കും epos.kerala.gov.in എന്ന വെബ്സൈറ്റിലൂടെ കാണുവാൻ സാധിക്കും.

ഇ പോസ് പ്രവർത്തിക്കുമ്പോൾ ഉപഭോക്താവിന് തൽമാസം ലഭിക്കേണ്ട റേഷൻ സാധനങ്ങളുടെ അളവ്, നിരക്ക് എന്നിവ ഇ പോസ് മെഷീനിൽ തെളിയും ആവശ്യമുള്ള അളവ് എന്റർ ചെയ്ത് നൽകിയാൽ ബില്ല് പ്രിന്റ് ചെയ്യപ്പെടുന്നതാണ്. എല്ലാ ഗുണഭോക്താക്കളും ബില്ല് കൈപ്പറ്റാൻ മറക്കരുത്. ബില്ലിൽ ഒരു ട്രാൻസാക്ഷൻ നമ്പർ, റേഷൻ നൽകിയ കടയുടെ വിവരങ്ങൾ, നൽകിയ റേഷൻ സാധനങ്ങളുടെ അളവ്, ബാക്കിയുള്ള റേഷൻ സാധനങ്ങളുടെ അളവ്, പരാതിപ്പെടാനുള്ള മൊബൈൽ നമ്പറുകൾ തുടങ്ങി ഉപഭോക്താവിന് അവശ്യംവേണ്ട എല്ലാ വിവരങ്ങളും അടങ്ങിയിട്ടുണ്ട്.

## ഇ പോസ് മെഷീനിലൂടെയുള്ള മറ്റു സൗകര്യങ്ങൾ

- സ്റ്റോക്ക് രസീത്
- ഡിപ്പോയിൽ നിന്നു വരുന്ന സ്റ്റോക്ക് സ്വീകരിക്കുന്നതിനുള്ള സൗകര്യം

## ആധാർ സീഡിംഗ്

- ഇപോസ് മെഷീൻ വഴി കാർഡംഗങ്ങളുടെ ആധാർ സീഡ് ചെയ്യാൻ സാധിക്കും
- മൊബൈൽ നമ്പർ സീഡിംഗ്
- റേഷൻ കാർഡുടമകളുടെ മൊബൈൽ നമ്പർ സീഡ് ചെയ്യുന്നതിന്

## പരിശോധന

- ഉദ്യോഗസ്ഥർക്ക് റേഷൻകടയിൽ പരിശോധന നടത്തി സ്റ്റോക്കിലെ വ്യതിയാനം രേഖപ്പെടുത്താൻ സാധിക്കും

## റേഷൻ പോർട്ടബിലിറ്റി

**കേരളത്തിലെ റേഷൻ ഗുണഭോക്താക്കൾക്ക് ഏറ്റവും വലിയ ശക്തി നൽകിയിരിക്കുകയാണ് റേഷൻ പോർട്ടബിലിറ്റി സംവിധാനം.**

- സംസ്ഥാനത്തെ ഏതു റേഷൻകടയിൽ നിന്നും ഇപോസ് മെഷീൻ വഴി റേഷൻ വാങ്ങാൻ സാധിക്കും.
- ആധാർ ആതന്റിക്കേഷൻ വഴി മാത്രമേ ഈ സൗകര്യം ലഭ്യമാകുകയുള്ളൂ.
- 2018 ഡിസംബർ മാസത്തിൽ 976232 (13.7%) പേർ ഈ സൗകര്യം ഉപയോഗപ്പെടുത്തി റേഷൻ പോർട്ടബിലിറ്റിയുടെ വർദ്ധിച്ചുവരുന്ന എണ്ണം റേഷൻ ഗുണഭോക്താക്കളുടെ പ്രബുദ്ധത വിളിച്ചോതുന്നു.




## പ്രോക്സി സംവിധാനം

റേഷൻ വാങ്ങുവാൻ റേഷൻ കടകളിലെത്താൻ സാധിക്കാത്തവർക്ക് പകരക്കാരെ വച്ച് റേഷൻ വാങ്ങാൻ വേണ്ടി സർക്കാർ ഒരുക്കിയിരിക്കുന്ന സംവിധാനമാണ് പ്രോക്സി

സംവിധാനം. റേഷൻ വാങ്ങുവാൻ പകരക്കാരെ ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന സാഹചര്യങ്ങളിൽ പ്രോക്സിയെ ഏർപ്പെടുത്താവുന്നതാണ്.

- ഗുരുതരമായ രോഗബാധയാൽ ശയ്യാവലംബരായവർ
- 65 വയസിനു മേൽ പ്രായമുള്ള അംഗങ്ങൾ
- ഭിന്നശേഷിയുള്ളവർ

മേൽപ്പറഞ്ഞവർ മാത്രമുള്ളതും 16 നും 65 നും മദ്ധ്യേ പ്രായമുള്ള മറ്റ് അംഗങ്ങൾ ഇല്ലാത്തതുമായ കാർഡുകൾ പകരക്കാരനാകുന്ന വ്യക്തി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

- ഗുണഭോക്താവ് ഉൾക്കൊള്ളുന്ന റേഷൻകടയിലെ ഒരു കാർഡിലെ അംഗം തന്നെയായിരിക്കണം പ്രോക്സിയും.
- റേഷൻകടയുടെ ലൈസൻസിയെയോ കുടുംബാംഗങ്ങളെയോ പ്രോക്സി ആയി ഉൾപ്പെടുത്താൻ പാടില്ല.
- നാളിതു വരെ 21757 പേർ പ്രോക്സി ആയി ചേർക്കപ്പെട്ടിട്ടുണ്ട്.

## ഗിവ് അപ് സ്കീം

റേഷൻ കാർഡ് നിലനിർത്തിക്കൊണ്ട് റേഷൻ താത്കാലികമായി വേണ്ടെന്നു വയ്ക്കുന്നതിന് GIVE UP RATION എന്ന പദ്ധതി നടപ്പാക്കി വരുന്നു. ഇതിനായി civilsupplieskerala.gov.in എന്ന പോർട്ടലിൽ Give Up Ration എന്ന ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്.

- തിരികെ റേഷൻ ആവശ്യമുണ്ടെങ്കിൽ ആറുമാസം കഴിഞ്ഞാൽ ഇതേ മെനു തന്നെ ഉപയോഗിച്ച് റേഷൻ തിരികെ ലഭ്യമാക്കാവുന്നതാണ്.



- ഇതിനായി സപ്ലൈ ഓഫീസിൽ അപേക്ഷ നല്കേണ്ട ആവശ്യമില്ല.
- നാലു ക്ലിക്കുകളിലൂടെ റേഷൻ ഗിവ് അപ് പദ്ധതിയിൽ ജനങ്ങൾക്ക് പങ്കാളികളാകാം.
- www.civilsupplieskerala.gov.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് Give up ration എന്ന ഓപ്ഷനിൽ ക്ലിക് ചെയ്യുക.
- 10 അക്ക റേഷൻ കാർഡ് നമ്പർ ടൈപ് ചെയ്യുക.
- SEND OTP ബട്ടൺ ക്ലിക് ചെയ്യുക.
- നിങ്ങളുടെ മൊബൈലിൽ വരുന്ന OTP നമ്പർ ടൈപ്പ് ചെയ്ത് സ്ക്രീനിൽ തെളിയുന്ന കോഡ് എന്റർ ചെയ്ത ശേഷം Submit കൊടുക്കുക.

## ഹാർഡ്‌വെയർ സൗകര്യങ്ങൾ

ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് ഡിജിറ്റലൈസേഷൻ പദ്ധതി നടപ്പിലാക്കാൻ വേണ്ടി വേണ്ടുന്നത്ര ഹാർഡുവെയറുകൾ സ്വന്തമായി തന്നെയുണ്ട്. മതിയായ കോൺഫിഗറേഷൻ ഉള്ള ഡേറ്റ ബേസ് സർവർ, ആപ്ളിക്കേഷൻ സർവർ, ബാക്ക് അപ് സർവർ എന്നിവ വകുപ്പിനുണ്ട്. ബാക്ക് അപ് സെർവർ സ്റ്റേറ്റ് ഡേറ്റ സെന്റർ SDC 1 -ലും ബാക്കി രണ്ട്

